# പഞ്ചാംഗം.

എപ്പക്തി ൨൮    ൧൮൯൯ ൧൦൭൫    ഞായറാഴ്ച അക്ഷരം. ൧. ൭

## ൧൮൯൯ ഡിസംബർ — ൧൦൭൫ വൃശ്ചികം - ധനു.

| | | | | |
|---|---|---|---|---|
| 1 | 16 | ശ | മൗ. അന്തോനീസ്സ ജ്ഞൺ ൧൫ ന. ആ. കു. പെ. | വെ. |
| 2 | 17 | ഞാ | ✠ ആഗമനം ൧-ാം ഞാ. ന. കു. ആ. [illegible] | റോ. |
| | | | ☞ ൨-നു- ആദ്യവെള്ളിയാഴ്ച ശനി കടം. | |
| 3 | 18 | തി | ❊ മൗ പ്രാൻസീസ്സ്കൊസ്സ ശൗഴ്സാർ ന. ആ. കു. പെ. | വെ. |
| | | | മണ്ണാറപ്പാറ, കൊതവറ, | |
| 4 | 19 | ചൊ | ക. വേ. ബർബ്ബാ ന. ആ കു. പെ | ചു. |
| 5 | 20 | ബു | ആബാ സാബാ ന. ആ. കു. പെ. | വെ. |
| | | | 5, 6, 7 അമ്പഴക്കാട്ട ആശ്രമദേവാലയത്തിൽ നാല്പതുമണി. | |
| 6 | 21 | വ്യാ | അ. മൗ. നിക്കൊലാവോസ് ന. ആ. കു. പെ. | വെ. |
| 7 | 22 | വെ | അ. മൗ. മ. അംബ്രോസീ ന. ആ. കു. പെ. | വെ. |
| 8 | 23 | ശ | ✠ ദൈവജനനിയുടെ അമലോത്ഭവം ന. കു. പെ. | വെ. |
| | | | പാലാ, ചങ്ങനാശ്ശേരി, അമ്പഴക്കാട്ട, മാന്നാനം, പൊൻകുന്നം, | |
| | | | ഓർശ്ലം, എങ്ങണ്ടിയൂർ. | |
| | | | ഭരണങ്ങാനം വി. പ്രാൻസീ. അസീസി ദശനാത്തിരുനാൾ. | |
| 9 | 24 | ഞാ | ✠ ആഗ. ൨-ാം ഞാ. ന. കു. ആ. [illegible] | റോ. |
| 10 | 25 | തി | പാ വേ. മെല്ക്കിയാദിസ്സ ന ആ. കു. പെ. | ചു. |
| 11 | 26 | ചൊ | പാ. മൗ. ദമാസൊസ്സ ന. ആ കു. പെ. | വെ. |
| | | | മൂഴൂർ അമലോ. തിരുനാൾ. | |
| 12 | 27 | ബു | അ. മൗ. മ. ബസെലീസ്സ ജ്ഞൺ ൧൭ ന. ആ. കു. പെ. | വെ. |
| 13 | 28 | വ്യാ | ക. വേ. ലൂക്കിയാ ന. ആ. കു. പെ. | ചു. |
| 14 | 29 | വെ | പാ. മൗ. ലെയോൻ ജ്ഞൺ ൨൮ ന ആ. കു. | വെ. |
| 15 | 1 | ശ | ദൈവജനനിയുടെ പിറ. എട്ടാം ന. ആ. കു. പെ. | വെ. |
| 16 | 2 | ഞാ | ✠ ആഗ. ൩-ാം ഞാ. ന. കു. ആ. [illegible] | റോ. |
| 17 | 3 | തി | ❊ അ. മൗ. മത്തിയാലി ജ്ഞലായി ൩ ന. ആ. കു. പെ. | വെ. |
| 18 | 4 | ചൊ | ന. പി. തോമാ ശ്ലീ. മൈലാപ്പൂർ അൽഭുതം ന. ആ. കു. പെ. | ചു. |
| 19 | 5 | ബു | ❊ അ. മൗ ക്രറില്ലോസ്സും ക്രട്ട. ജ്ഞ: ൫ ന. ആ. കു. പെ. പട്ടം | വെ. |
| 20 | 6 | വ്യാ | ന. പി. തോമ്മാ തലേ. ന. ആ. കു. തലേ. | റോ. |
| 21 | 7 | വെ | (†) ന. പി. തോമ്മാ ന കു. പെ. പട്ടം | ചു. |
| 22 | 8 | ശ | ❊ വിധ. ഏലീശ്വാ രാ ജ്ഞലാ. ൨ ന. ആ കു. പെ. പട്ടം | വെ. |
| 23 | 9 | ഞാ | ✠ ആഗമന. ൪-ാം ഞാ ന കു. ആ. [illegible] | റോ. |
| | | | ☞ നാളെ ഒരിക്കൽ. മററന്നാൾ കടം. | |
| 24 | 10 | തി | ന. ക. പിറ. തലേ ന. ആ. കു. തലേ. ഒരുനേരം. | റോ. |
| 25 | 11 | ചൊ | ✠ ന. ക. **പിറവി.** ന. കു. പെ. | വെ. |
| 26 | 12 | ബു | (†) പ്രഥമ. വേ എസ്തപ്പാനോസ്സ ന കു. പെ. | ചു. |
| | | | എളൂർ, എസ്ത. സഹദായുടെ തിരുനാൾ. | |
| 27 | 13 | വ്യാ | (†) യോഹന്നാൻ ഏവൻഗേലീസ്ഥാ ന. കു. പെ. | വെ. |
| 28 | 14 | വെ | (†) ശു. കുഞ്ഞിപൈതങ്ങൾ ന. കു. പെ. | റോ. |
| 29 | 15 | ശ | അ. വേ. തോമ്മാ കാൻറർ ന. ആ. കു. പെ. | ചു. |
| 30 | 16 | ഞാ | ✠ പിറവി. ഇട. ഞാ. ന. കു. ആ. [illegible] | വെ. |
| 31 | 17 | തി | പാ. മൗ. സിൽവസ്ത്രോസ്സ ന. ആ. കു. പെ. | വെ. |



പരിശുദ്ധ അമലോത്ഭവ കന്യകേ, ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമെ.

കർമ്മല കുസുമം.

പുസ്തകം ൨൩)　　ഡിസംബർ.　　(ലക്കം ൧൨.

# അമലോത്ഭവ കീർത്തനം.

(ദിവ്യശ്രീ വടക്കയിൽ മത്തായിക്കത്തനാർ.)

(പാലാഭിഷേകം മട്ട്.　　ബീഹാക് ചായ്പ്.)

മാലോക മൌലീ! മാലേ ശീടാമാലികേ!– മാലേയപങ്കമേ മൌലീമണേ.
ലോകേശരാശയോടാശിച്ച ശ്രീയേശു– നാകേശനംബികെ! വിശ്വാശ്രയെ!

ദൊഹറാ.

വിശ്വാനുശോചകീ! ശശിബിംബപാദകീ!– ക്ലേശാവശർക്കെന്നുമാശ്വാസസംദായകീ!
വിവശരുടവശത സകലമകററി– ജവമൊട്ട പട്ടത കൊട്ടത്തിട്ടമംബെ!
ലോകാവതാരൻ ലോകേശനീശോ– അകല്പമേററം പുകഴ്ത്തും ധന്യേ!

ദൊഹറാ.

ഘോരഹുങ്കാര, ഹങ്കാര, ഝങ്കാരനാം – ശൂരധിക്കാരമൊത്തോരു സർപ്പേശസംഹാരണി!
(ൻ ചിതമേകണേ.
സ്തുതിഗീതം മതിമെത്തും പുത്രഭക്ത്യാ ചേർത്തിങ്ങ– സ്തുതിചെയ്തും സ്ഥിതിചെയ്വാ
അമ്മേ! മറിയമെ! യേശുവിന്നംബികെ!– ചെമ്മേ! എന്നമ്മേ! നീ പാലിക്കമാം.

# പ്രസാധകക്കുറിപ്പുകൾ.

അമലോത്ഭവത്തിരുനാൾ.

ദൈവജനനി പ്രാപിച്ച സകല വരപ്രസാദ ദാനങ്ങളുടെയും അടിസ്ഥാനം അവളുടെ അമലോത്ഭവമാകുന്നു. ഒരിക്കലും യാതൊരു പാപക്കറയും സ്പർശിച്ചിട്ടില്ലെന്നുള്ള മഹത്വം മനുഷ്യവർഗ്ഗമൊക്കയുടെയുംമേൽ ഈ പരിശുദ്ധ അമ്മയെ ഉയർത്തിയിരിക്കുന്നു. ഇതത്രെ ദൈവമാതൃത്വത്തിനു് അവളെ യോഗ്യയാക്കിയതു്; സ്വർഗ്ഗത്തിൻെറ രാജ്ഞിയായി ഈ അമ്മയെ മുടി ധരിപ്പിച്ചതും ഇതുതന്നെ. ഹാവാ സർപ്പത്തിൻെറ സ്വരം കേട്ടു് അവനോടു മൈത്രി ഭാവിച്ചതിനാൽ വന്ന നാശം രണ്ടാമത്തേ ഹാവായും അവനും തമ്മിലുള്ള ജന്മശത്രുത്വം നിമിത്തം നീങ്ങിയിരിക്കുന്നു. ഒരിക്കലും നരകസർപ്പത്തിനോടുള്ള മൈത്രി നമ്മുടെ പരിശുദ്ധ

അമ്മയ്ക്കുണ്ടായിട്ടില്ല. ഒരിക്കലും അവൾ പാപത്തിനുവശംവദയായിട്ടില്ല ഉത്ഭവ പാപത്തിൽനിന്നുപോലും മാതാവു പരിരക്ഷിക്കപ്പെട്ടു. അതകയാൽ ദൈവവരപ്രസാദങ്ങൾ ലഭിപ്പാൻ ആഗ്രഹിക്കുന്നവർ പാപത്തിൽ നിന്നു അകന്നു നടക്കണം. ഇതിനു വേണ്ട മനോഗുണം ഈ തിരുനാളിൽ അമലോത്ഭവമാതാവിനോടു പ്രത്യേകം പ്രാൎത്ഥിക്കട്ടെ!

## ക്രിസ്സ്മസ്സ് മംഗളം.

ഏതൊരു ക്രൂരഹൃദയനേയും വശീകരിക്കുന്നതിനുള്ള ശക്തി ശിശുക്കളുടെ മനോഹരമായ ആ മന്ദഹാസത്തിനുണ്ടെന്നു സൎവ്വവിദിതമാണല്ലൊ. ഈ മുഖാന്തിരം നിമിത്തം തന്നെയാണു് സൎവ്വവല്ലഭനായ ദൈവം— പഴയനിയമത്തിൽ യൂദജനങ്ങളെ ഭയവിഹ്വലരാക്കിച്ചെയ്തിരുന്ന യഹോവാ— അനുഗ്രഹത്തിൻെറ പുതിയനിയമത്തിൽ ഒരു ശിശുവായി ലോകത്തിൽ പ്രത്യക്ഷപ്പെടാൻ തിരുമനസ്സായതു്. എല്ലാവരേയും തൻെറ പക്കലേക്കു ആകൎഷിക്കുന്നതിനു താൻ ആഗ്രഹിക്കുന്നു. നല്ലമനസ്സുള്ള എല്ലാ മനുഷ്യൎക്കും തൻെറ ക്രിസ്സ്മസ്സ് മംഗളം ആശംസിക്കുന്നതിനു താൻ ക്ഷണിക്കുന്നു. അതകയാൽ ഈ ക്ഷണം സ്വീകരിച്ചുകൊണ്ടു് പുൽക്കൂട്ടിങ്കലേക്കു നമുക്കു പോകാം. ശിശു നിഷ്കപടതയോടെ തന്നെ ആരാധിക്കാം. എളിമയും ശാന്തശീലവുമുള്ളവനായ തന്നെ അനുകരിപ്പാൻ ശ്രമിക്കുന്നുണ്ടെന്നു പ്രതിജ്ഞചെയ്യാം. അപ്പോൾ സാക്ഷാൽ ക്രിസ്ത്യാനിയ്ക്കുടുത്ത ക്രിസ്സ്മസ്സ് മംഗളം നമുക്കുണ്ടാകും. ഈവിധമായ ഒരു മംഗളം 'കുസുമ'വായനക്കാൎക്കെല്ലാവൎക്കും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

## "ഇൻഡ്യാ."

മദ്രാസിലെ കത്തോലിക്കാ യുവജനസമാജത്തിൻെറ പ്രസിഡണ്ടായ റവ. ഫാദർ ലോപ്പസ് അവൎകൾ യൂറോപ്പു അമേരിക്കാ മുതലായ രാജ്യങ്ങളിൽ ഒരു ദീൎഘപൎയ്യടനം കഴിഞ്ഞശേഷം മടങ്ങിഎത്തി ഭാരതഖണ്ഡത്തിൻെറ മാനസാന്തരജോലിയേ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ആരംഭിച്ചിട്ടുള്ള ഒരു മാസികാഗ്രന്ഥമാണു് "ഇൻഡ്യാ." നാലുലക്കങ്ങൾ ഇതിനകം പുറപ്പെട്ടിട്ടുണ്ടു്. ഒന്നാംതരം ആൎട്ടുപെയ്പ്പറിൽ എല്ലാ പക്ഷങ്ങളിലും ധാരാളം പടങ്ങളോടും പ്രൌഢവും സരസഗംഭീരങ്ങളുമായ ലേഖനങ്ങളോടുംകൂടെ ആകൎഷണീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിവരുന്ന ഈ മാസിക, യൂറോപ്പിലും അമേരിക്കയിലുമുള്ള ഈ തരം പത്രഗ്രന്ഥങ്ങളോടെല്ലാം കിടപിടിയ്ക്കത്തക്ക ഒന്നാണെന്നു കാണുന്നതു ഭാരതീയൎക്കു പൊതുവേ അഭിമാനകരംതന്നെ. ഇൻഡ്യയിലെ വേദപ്രചാരണ വേലകൾ വിദേശിയരെ വേണ്ടപോലെ മനസ്സിലാക്കി അവരുടെ സഹായസഹകരണങ്ങൾ സമ്പാദിക്കയെന്നുള്ളതു ഈ പ്രസിദ്ധീകരണത്തിൻെറ പ്രധാന ഉദ്ദേശങ്ങളിലൊന്നാണു്. കണ്ടേടത്തോളം ലക്കങ്ങൾകൊണ്ടു ഈ ഉദ്ദേശത്തിനു സൎവ്വഥാ പൎയ്യാപ്തമായ ഒരുദ്യമമാണിതെന്നു പ്രത്യക്ഷമായിട്ടുണ്ടു്. ഫാദർ ലോപ്പസ് അവൎകളുടെ ഈ ശ്രമത്തെ ഞങ്ങൾ സൎവ്വാത്മനാ അഭിനന്ദിക്കയും "ഇൻഡ്യാ"യ്ക്കു സൎവ്വവിജയങ്ങളും ആശംസിക്കയും ചെയ്യുന്നു. Editor India. Post Box No. 338. Mount Road Madras. എന്ന മേൽവിലാസത്തിൽ എഴുതിയാൽ ആണ്ടിൽ ആറു രൂപാ വരിപ്പണത്തിനു ഈ മാസിക കിട്ടുന്നതാണു്.

---


## വില്പാൻ തയ്യാർ.

ക. നി. മൂ. സ. മാണിക്കത്തനാർ എഴുതിയ:—

1. "പ്രാസംഗികൻ" 2-ാം പതിപ്പു്. (ഉടനെ പുറപ്പെടും.) 21 ച. 6 കാ.
2. "സോളൊമോൻെറ സുഭാഷിതങ്ങൾ. 5 0
3 "ന. ക. പീഡാനുഭവം പാന." 5 0

മൂന്നുപുസ്തകങ്ങൾക്കുംകൂടി 1 0 0

വി. പി. ചാൎജ്ജ് പുറമേ.

സൂപ്രണ്ടു്,
സെൻറു് ജോസഫ്സ് പ്രസ്സ്, മന്നാനം.

# മ്ശിഹായുടെ പിറവി.

(റൈററ് റവ. മോൺ. ആൻറണി പുതിശ്ശേരി.)

മനുഷ്യസൃഷ്ടിക്കുശേഷം നാലായിരത്തി നാലാം വത്സരത്തിൽ റോമാചക്രവൎത്തിയായി വാണിരുന്ന കേസർ ഔഗുസ്തോസിന്റെ കല്പനപ്രകാരം അയാൾക്ക് അധീനപ്പെട്ട രാജ്യങ്ങളിലെങ്ങും കാനേഷുമാരി കണക്കെടുക്കാൻ തുടങ്ങി. തന്മൂലം, നസറത്തിൽ വസിച്ചിരുന്ന യൌസേപ്പും മറിയവും സ്വന്തഗോത്രം ബേസ്ലെഹമിൽ നിന്ന് ഉത്ഭവിച്ചതാകകൊണ്ട്, സ്വന്തം പേരുകൾ കണക്കിൽ ചേൎക്കുന്നതിന്നായി അവിടേക്കു യാത്ര തിരിച്ചു. യൌസേപ്പിന്റെ ദാരിദ്ര്യംമൂലം അവരുടെ പാൎപ്പിന്നു തക്കതായ ഒരു വിടുതിസ്ഥലം അവിടെ സിദ്ധിച്ചില്ല. എങ്കിലും ദൈവപുത്രനെ പ്രസവിക്കുന്നതിനുള്ള കാലം അന്നാളിൽ തികഞ്ഞതുകൊണ്ടു പ്രസ്തുത വത്സരത്തിൽ ഡിസംബർമാസം ൨൫-ാംനു- അർദ്ധരാത്രി ബേസ്ലഹമിൽ ഒരു തൊഴുക്കൂട്ടിൽ വച്ചു കന്യക മറിയം ദിവ്യ പുത്രനെ പ്രസവിച്ചു.




ഈ സംഗതി സംബന്ധിച്ച് "ഇതാ, ഒരു കന്യക പുത്രനെ ഗൎഭംധരിച്ചു പ്രസവിക്കുയും അവൻ എമ്മാനുവേൽ എന്നു വിളിക്കപ്പെടുകയും ചെയ്യും" (ഇസയി. 7. 14.) എന്നത്തെ പ്രവാചകമുണ്ടായിരുന്നതു്. തദനുസാരം മറിയം പുത്രനെ ഗൎഭം ധരിച്ചതു പരിശുദ്ധാരൂപിയുടെ പ്രവൃത്തിയാലാകയാൽ പ്രസവത്തിന്നുമുമ്പ് അവളുടെ കന്യാത്വത്തിന്ന് അന്തരംവന്നിട്ടില്ല. എന്നാൽ പ്രസവത്തിലും മറിയം കന്യകയായിരുന്നു. അഥവാ പുത്രന്റെ പിറവി പ്രകൃതിഗതി അനുസരിച്ചുള്ളതായിരുന്നില്ല. പിന്നയോ, ഒരിക്കൽ ദിവ്യ രക്ഷകൻ അടയ്ക്കപ്പെട്ട ഊട്ടു ശാലയിൽ കൂടിയിരുന്ന ശ്ലീഹന്മാരുടെ മദ്ധ്യേ പ്രത്യക്ഷീഭൂതനായതുപോലേയും, സൂൎയ്യകിരണങ്ങൾ സ്ഫടികത്തിൽകൂടി കടക്കുന്നതുപോലേയും ദിവ്യപൈതൽ മാതാവിന്റെ ഉദരത്തിൽ നിന്നു തൊഴുക്കൂട്ടിൽ കാണപ്പെടുകയാണുണ്ടായതു്. ഈ സത്യത്തെ ഏശയ്യാ ദീൎഘദൎശിതന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഗൎഭം ധരിക്കുന്നതും പ്രസവിക്കുന്നതും ഒരു കന്യകയാണെന്നു പ്രവാചകംകൊണ്ടു തെളിവാകുന്നു. കൂടാതെ, തിരുസഭ പഠിപ്പിക്കുന്നതും മറിയം പ്രസവത്തിൽപോലും കന്യകയായിരുന്നുവെന്നാണ്. ഇതുമല്ല പ്രസവത്തിന്നു ശേഷവും മറിയം നിത്യകന്യകയായിരുന്നു. തന്മൂലമത്രേ അവൾക്കു കന്യകയെന്ന നാമം സൎവ്വസാധാരണമായി പറയപ്പെട്ടുവരുന്നതു്. മറിയത്തിന്റെ നിത്യ കന്യാത്വത്തെപ്പററി വി. അമ്പ്രോസിയൂസു പ്രസ്തുത ന്യായങ്ങളെടുത്തു വിശദമായി പ്രതിപാദിച്ചിട്ടുള്ളതാണ്.

ദിവ്യ പൈതലിന്റെ പിറവി അടിസ്ഥാനപ്പെടുത്തിയാണ് ഇപ്പോൾ നാം വത്സരങ്ങൾ എണ്ണിവരുന്നതു്. മഹാ മതവിദ്വേഷിയായിരുന്ന ദിയോക്ലിസ്യാനോസു ചക്രവൎത്തിയുടെ ഭരണാരംഭംതൊട്ടു പൂൎവ്വ ക്രിസ്ത്യാനികൾ വത്സരങ്ങൾ എണ്ണിവരിക പതിവുണ്ടായിരുന്നു. എന്നാൽ 525-ാം വത്സരത്തിൽ ദിയോനീസിയൂസ് എക്സീഗ്യൂസ്സെന്നദേഹം മംഗലവാൎത്തയുടെ ദിവസം അഥവാ രക്ഷകൻ മാനുഷാവതാരം ചെയ്ത ദിവസം മുതൽ വത്സരങ്ങൾ എണ്ണുന്ന സമ്പ്രദായത്തെ സ്വല്പം ഭേദപ്പെടുത്തി രക്ഷകന്റെ പിറവി ദിവസം തൊട്ടു വത്സരങ്ങൾ എണ്ണണമെന്ന് ആജ്ഞാപിച്ചതനുസരിച്ച് ഇപ്പോഴും നടന്നുവരുന്നു.

ദിവ്യ ഉണ്ണിയുടെ പിറവി ദിവസം ബേസ്ലഹമിൽ ഇടയന്മാർ തങ്ങളുടെ ആട്ടിൻകൂട്ടത്തെ രാത്രി കാവൽ കാത്തു വെളിയിൽ പാൎത്തിരുന്നു. അപ്പോൾ കൎത്താവിന്റെ ദൂതൻ മഹാ തേജസ്സോടുകൂടി അവൎക്കു പ്രത്യക്ഷപ്പെടുകയും, രക്ഷകന്റെ പിറവികൊണ്ടുള്ള മഹാ സന്തോഷം അവരെ ഗ്രഹിപ്പിക്കയും ചെയ്തു. ഇങ്ങനെ രക്ഷകൻ ബേസ്ലഹമിൽ പിറന്നശേഷം ശീലകളാൽ ചുററപ്പെട്ടവനായി തൊഴുക്കൂട്ടിൽ കിടക്കുന്നതു ദൈവദൂതൻ വഴി ഇടയന്മാരറികയും ആ സ്ഥലത്തുചെന്നു അവർ ദിവ്യ ഉണ്ണിയെക്കണ്ട് ആരാധിക്കയുമുണ്ടായി. അപ്പോളവർ മറിയത്തെയും യൌസേപ്പിനേയും അവിടെ കണ്ടുവെന്നു മാത്രമല്ല, ദൈവദൂതൻ പ്രത്യക്ഷീഭൂതനായ സംഭവം അവരോടു പറഞ്ഞുകേൾപ്പിക്കയും ചെയ്തു. മറിയം ഈ വാൎത്തകളൊക്കെയും സംഗ്രഹിച്ചു ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ടിരുന്നു. (ലൂക്കാ. ൨.)

പിറവിക്കുശേഷം എട്ടു ദിവസം തികഞ്ഞപ്പോൾ ദിവ്യ പൈതൽ മൂശയുടെ ന്യായപ്രമാണപ്രകാരം (ലേവി. 12. 4.) ഛേദനാചാരം ചെയ്യപ്പെട്ടു. മുമ്പു മാലാഖാ അറിയിച്ചിരുന്നതുപോലെ ദിവ്യ പൈതലിന്നു മാതാപിതാക്കന്മാർ ഛേദനാചാര ദിവസം തന്നെ ഈശോയെന്ന നാമം ഇടുകയും ചെയ്തു. (ലൂക്കാ. 2. 21.) ഈ തിരുനാമത്തിന്റെ അൎത്ഥം രക്ഷകനെന്നാകുന്നു. പ്രസ്തുത നാമം അന്നാളിൽ മററു പലരും ധരിച്ചിരുന്നെങ്കിലും നാമാൎത്ഥാനുസാരം പ്രവൎത്തിച്ച് പാപത്തിൽനിന്നും നരകത്തിൽനിന്നും മനുഷ്യരെ വിമോചിച്ചുകൊണ്ട് അവൎക്കു യഥാൎത്ഥ രക്ഷ ചെയ്തതു് ഈ ദിവ്യ പൈതൽ മാത്രമാണ്. ഈ ന്യായത്താലത്രെ ദൈവാലോചന പ്രകാരം പൈതലിന്നു ഈശോയെന്ന നാമം തന്നെ ഇടണമെന്നു മാലാഖാ മുൻകൂട്ടി അറിയിച്ചതു്. (ലൂക്കാ. 1. 31.) ഇങ്ങനെ ഈശോയെന്ന നാമം ഭൂമിയിൽ ദൈവ പുത്രന്റെ തിരുനാമമായി ഭവിച്ചതുകൊണ്ടു നാം ആ നാമത്തെ ഏററവും ഭക്ത്യാദരപൂൎവ്വം ഉച്ചരിക്കേണ്ടതാണെന്നും, ഛേദനാചാരകൎമ്മത്തെ ആസ്പദമാക്കി ജനുവരി 1-ാംനു നാം തിരുനാൾ ഘോഷിക്കുന്നുവെന്നും അറിഞ്ഞിരിക്കണം.

ദിവ്യ ഈശോയ്ക്കു മററു് അഭിധാനവും സിദ്ധിച്ചിട്ടുണ്ട്. അതു മ്ശിഹാ (അഥവാ ക്രീസ്തു) എന്ന നാമമത്രെ. "മ്ശിഹാ" എന്ന ഈ പദത്തിന്റെ അൎത്ഥം അഭിഷിക്തൻ എന്നാണ്. എന്നാൽ ഈശോ യഥാൎത്ഥത്തിൽ അഭിഷേചിതനായിട്ടുണ്ടോ? ഇല്ല. മറിയം മഗ്ദലേന തൃപ്പാദം പൂശിയതു് ഔദ്യോഗികമായിട്ടല്ലായിരുന്നു. പഴയനിയമത്തിൽ വൈദികരും ദീൎഘദൎശികളും രാജാക്കന്മാരും അഭിഷേചിക്കപ്പെടുക പതിവായിരുന്നു. (രാജാക്കളുടെ ഒന്നാം പുസ്തകം 10-ാം അദ്ധ്യായത്തിൽനിന്നും, 3-ാം പുസ്തകം 19-ാം അ: പുറപ്പാട് 20-ാം അ:) ഈ മൂന്നു ഉദ്യോഗങ്ങളും ദിവ്യ ഈശോയ്ക്കു് ഉണ്ടായിരുന്നതിനാൽ അവിടന്നു് അഭിഷിക്തനെന്നു് അഥവാ മ്ശിഹായെന്നു്, വിളിക്കപ്പെടുന്നുവെന്നേയുള്ളു. എന്നാൽ അഭിഷിക്തനാകാതെ ഈശോമ്ശിഹാ പ്രസ്തുത ഉദ്യോഗങ്ങൾ എങ്ങനെ നിൎവ്വഹിച്ചുവെന്നു് ആരെങ്കിലും ചോദിച്ചേക്കാം. അതിന്നു സമാധാനമായി, ദിവ്യ രക്ഷകനു മാനുഷാവതാരത്തിൽ വെച്ചുണ്ടായ ദൈവികയോജന സകല അഭിഷേകങ്ങളേയും കവിയുന്ന ഒന്നാണെന്നു മനസ്സിലാക്കിയാൽ ധാരാളം മതി.

ഈശോമ്ശിഹാ അഭിഷിക്തനാണെന്നു പറയപ്പെടുന്നതനുസരിച്ച് അവിടുന്നു വൈദികനും ദീൎഘദൎശിയും രാജാവുമായി വൎത്തിച്ചിട്ടുണ്ടോയെന്നാണ് ഇനി അറിയേണ്ടതു്. അങ്ങനെ പ്രവൎത്തിച്ചിട്ടുണ്ട്. വൈദികന്റെ നിലയിൽ ഈശോമ്ശിഹാ ലോകരക്ഷയ്ക്കായി തന്നെത്തന്നെ കുരിശിൽ ബലി അൎപ്പിച്ചതിനു പുറമേ ഇപ്പോഴും ദിവ്യപൂജയിൽ ദൈനംദിനം അതു് ആവൎത്തിക്കുന്നു. ദീൎഘദൎശിയാണെന്നുള്ള സ്ഥാനത്തു രക്ഷകനിൽ പുരാതനദീൎഘദൎശനങ്ങൾ നിറവേറിയതുകൂടാതെ താൻതന്നെയും പലതും പ്രവചിക്കാതിരുന്നിട്ടില്ല. അവയിൽ മിക്കതും നിറവേറി. ചിലതു്

ഇനി നിറവേറേണ്ടതായുമിരിക്കുന്നു. രക്ഷകൻ ഒരു രാജാവായിരിക്കുന്നതു് ഐഹികാവസ്ഥയിലല്ല, പ്രത്യുത, താൻ പാരത്രികരാജാവാകകൊണ്ടു് ആ ആധിപത്യത്തെ ദൈവേഷ്ടപ്രസാദം വഴിയായി നാമേവരിലും സ്ഥാപിക്കുകയും നമ്മെ സ്വർഗ്ഗരാജ്യത്തിലേക്കു ക്ഷണിക്കുകയും ചെയ്യുന്നു.

ഈശോമിശിഹായെ നാം "നമ്മുടെ കർത്താവു്" എന്നുകൂടി സർവ്വസാധാരണമായി അഭിധാനംചെയ്യാറുണ്ടു്. ഈ നാമകരണത്തിന്നു് അവിടത്തേക്കു വല്യതായ അർഹതയുള്ളതാണ്. എന്തെന്നാൽ രക്ഷകൻ തന്റെ തിരുമരണത്താൽ രക്തം വിലയായിക്കൊടുത്തു നാമേവരേയും അവിടത്തെ സ്വന്തമാക്കി പരിത്രാണംചെയ്തിരിക്കുന്നു.

# എളിമയുടെ ദിവ്യമാതൃക.

(ശ്രീമാൻ ഇഗ്നേഷ്യസ്, വെള്ളരിങ്ങാട്ട്.)

ക്രിസ്തു വെറും ഉപദേശത്താൽ മാത്രമല്ല പഠിപ്പിച്ചതു്. ഉപദേശത്തേക്കാൾ സർവ്വപ്രകാരേണയും കൂടുതൽ ഫലപ്രദമായ ദൃഷ്ടാന്തത്തെ അവിടന്നു സ്വീകരിച്ചിരുന്നു. "എന്നിൽ നിന്നു പഠിക്കുക. ഞാൻ വഴിയാകുന്നു" എന്നത്രേ അവിടന്നു അരുളിച്ചെയ്തതു്. പരിശുദ്ധ ത്രീത്വത്തിന്റെ ദ്വിതീയ ആളെന്ന നിലയിൽ അദ്ദേഹത്തിനു നികൃഷ്ട മനുഷ്യജീവികൾക്കു ദൃഷ്ടാന്തമായിത്തീരുന്നതിനു നിവൃത്തിയില്ലായിരുന്നു. അത്രയധികം മനുഷ്യാതീതമായ ഒരു ഉന്നതസ്ഥാനത്താണു് ക്രിസ്തു സ്ഥിതി ചെയ്തിരുന്നതു്. ആയതിനാൽ അവിടന്നു ദൈവം എന്ന നിലയെ വിട്ടു നമ്മെപ്പോലെ മനുഷ്യനായി– അതെ, പാപം ഒഴികെ മറ്റെല്ലാ സംഗതികളിലും അവിടന്നു നമ്മെപ്പോലെ തന്നെയായിരുന്നു.

മനുഷ്യൻ എന്ന നിലയിൽ അവിടന്നു സർവ്വനന്മകളുടേയും പരിപൂർണ്ണമാതൃകയായിത്തീർന്നു. എന്നാൽ ഇവയിലെല്ലാം ഉപരിയായി എളിമ എന്ന സൽഗുണത്തെ അത്യതിശയനീയമായും, സുസ്പഷ്ടമായും, മനുഷ്യഹൃദയത്തിൽ ഗാഢമായിപ്പതിയത്തക്കവിധത്തിലും അവിടന്നു പ്രത്യക്ഷപ്പെടുത്തി. "എന്നിൽ നിന്നു പഠിക്കുക." ലോകം സൃഷ്ടിക്കുന്നതിലും തിരമാലകളോടു കല്പിക്കുന്നതിലുമല്ല, എളിമയിലും ശാന്തതയിലും എന്നെ അനുകരിക്കുക എന്നത്രേ അവിടന്നു കല്പിച്ചതു്.

'എളിമ'പോലെ അതിശയകരമായ മറെറാരു ഗുണത്തെ അവിടന്നു പ്രദർശിപ്പിച്ചിരുന്നില്ല. അവിടന്നു സർവ്വജ്ഞാനിയായിരുന്നതുകൊണ്ടു് ഫരിസേയരോടും നിയമജ്ഞരോടും പ്രസംഗിക്കുന്നതിൽ നാം അതിശയിക്കുന്നില്ല. അവിടന്നു സ്രഷ്ടാവായിരുന്നതുകൊണ്ടു് കൊടുംകാററും തിരമാലകളും തന്റെ കല്പനയെ അനുസരിക്കുന്നതും നമ്മെ അതിശയിപ്പിക്കുന്നില്ല. അവിടന്നു ജീവന്റേയും മരണത്തിന്റേയും നാഥനായിരുന്നതുകൊണ്ടു ദീനക്കാർ സുഖപ്പെടുന്നതും മരിച്ചവർ ഉയിർക്കുന്നതും നമ്മെ അത്ഭുതപ്പെടുത്തുന്നില്ല. എന്നാൽ അവിടത്തെ എളിമ നമ്മെ അത്ഭുതപരതന്ത്രരാക്കുന്നു. അതിന്റെ ഫേരു മനസ്സിലാക്കുക മനുഷ്യസാദ്ധ്യമല്ല.

എല്ലായ്പ്പോഴും തന്നെ അവിടന്നു എളിമയെ ദൃഷ്ടാന്തപൂർവ്വം പ്രസംഗിച്ചിരുന്നു. സർവ്വശക്തനായ ക്രിസ്തു ഒരു ശിശുവിന്റെ ബലഹീനതയെ സ്വീകരിച്ചു് നിരാധാരനായി തണുപ്പുമൂലം വിറച്ചുകൊണ്ടു അതിനികൃഷ്ടമായ ഒരു

തൊഴക്കൂട്ടിലുള്ള വയ്ക്കോലിന്മേൽ കിടന്നു എളിമയെ പ്രസംഗിക്കുന്നു. ബേസ്ലഹമിലെ വഴിയമ്പലങ്ങളിൽ അങ്ങേക്കു സ്ഥലം ലഭിച്ചില്ല. ചക്രവത്തികളും രാജാക്കന്മാരും ആരുടെ ശക്തിയാൽ ഭരിക്കുന്നുവോ ആ സർവ്വശക്തൻ സ്വരക്ഷക്കുപോലും അപ്രാപ്തനെന്ന നിലയിൽ ഹേറോദേസിൽ നിന്നു രക്ഷപെടുന്നതിനായി ഈജിപ്തിലേക്കു പ്രയാണംചെയ്യുന്നു. അവിടന്നു നസ്രേത്തിലെ ഭവനത്തിൽ തൻെറ 'സൃഷ്ടി'കളുടെ കല്പനകളെത്തന്നെ അനുസരിച്ചുകൊണ്ടു ജീവിച്ചു. അവിടന്നു എളിയവരായ ചില മീൻപിടുത്തക്കാരോടു കൂടി കാൽനടയായിത്തന്നെ പലസ്തീനായിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരുന്നു. ഒടുവിൽ ക്രൂരന്മാരായ നീചജീവികളിൽ നിന്നു അവൎണ്ണനീയമായ വിധത്തിൽ പലേ പീഡകളും അനുഭവിച്ചു മനുഷ്യാധമന്മാരായ രണ്ടു മോഷ്ടാക്കളുടെ മദ്ധ്യേ ക്രൂശിക്കപ്പെടുകയും ചെയ്തു. ഈ അവസരങ്ങളിലെല്ലാം അവിടന്നു എളിമയെ ദൃഷ്ടാന്തപൂർവ്വം പ്രസംഗിച്ചുകൊണ്ടാണിരുന്നതു്. ചുരുക്കത്തിൽ ക്രീസ്തുവിൻെറ ഇററലോകജീവിതം മുഴുവനും എളിമയുടെ അതിമഹത്തായ ഒരു ദൃഷ്ടാന്തമായിരുന്നു. ആ ജീവിതം എളിമയിൽ ആരംഭിച്ചു എളിമയിൽ അവസാനിച്ചു. എളിമ സർവ്വ നന്മകളുടേയും ഉറവയാകയാൽ ആ ഗുണത്തെ മനുഷ്യഹൃദയത്തിൽ പതിക്കണമെന്നായിരുന്നു ആവിടത്തേ ആഗ്രഹം. "എന്നിൽ നിന്നു പഠിക്കുക. എന്തുകൊണ്ടെന്നാൽ ഞാൻ ഹൃദയ ശാന്തതയും എളിമയും ഉള്ളവനാകുന്നു."

# രാജകീയ ദൃഷ്ടാന്തം.

(റവ. ഫാദർ എജീദിയൂസ് സി. ഡി.)

സ്പെയിൻ രാജ്യത്തെ പ്രശസ്തമായ വിധത്തിൽ ഭരിച്ച രാജാക്കന്മാരിൽ പ്രഥമഗണനീയനാണ് അൽഫോൺസ് പന്ത്രണ്ടാമൻ. അദ്ദേഹം വളരെ പുണ്യവാനും വി. കർബ്ബാനയുടെ മേലുള്ളഭക്തിയിൽ വളരെ തീക്ഷ്ണതയുള്ളവനുമായിരുന്നു. ഒരിക്കൽ രാജാവു പരിവാരസമേതം രാജകീയ വാഹനത്തിൽ കയറി നാട്ടിൻപുറത്തേക്കു പോകുകയായിരുന്നു. അപ്പോൾ വെള്ളവസ്ത്രധാരികളും കൈകളിൽ കത്തിച്ച തിരികൾ വഹിച്ചവരുമായ രണ്ടു ബാലന്മാർ മുമ്പിലും, അവരുടെ പിറകായി സുഗന്ധദ്രവ്യങ്ങൾ കലശത്തിലിട്ടു പുകച്ചു, അതിൻെറ പരിമളത്താൽ അന്തരീക്ഷത്തെആനന്ദപ്രദമാക്കിതീർക്കുന്ന ധൂപകലശവാഹിയും, അയാളുടെ പിറകിലായി അനേകം ഭക്തജനങ്ങൾ മഹാ വിനയത്തോടും അടക്കത്തോടും കൂടെ ജപോച്ചാരണം ചെയ്തുകൊണ്ടും, അവസാനമായി പൂട്ടിയ കണ്ണുകളോടും, കെട്ടിയ കരങ്ങളോടുംകൂടെ സമാധിയിൽ ലയിച്ച് ജഗന്നിയന്താവിനെ മാത്രം സ്മരിച്ചും ധ്യാനിച്ചും സ്ഥിതിചെയ്തിരുന്ന ഒരു വൈദികൻ ഇരട്ടക്കുതിരകളെ പൂട്ടിയ ഒരു വണ്ടിയിലും മന്ദം മന്ദം രാജകീയവാഹനത്തോടു അടുത്തുവന്നു. ഇവരുടെ വരവിനെ ഒരാൾ ഒരു ചെറിയ കൈമണി കിലുക്കി അറിയിച്ചിരുന്നു. മണിനാദം കേൾക്കുന്ന മാത്രയിൽ സകല വിശ്വാസികളും മുട്ടുകുത്തി തലകുനിഞ്ഞു സ്വർഗ്ഗരാജനെ വണങ്ങുന്നതു് കാണേണ്ട കാഴ്ചതന്നെയായിരുന്നു. പ്രസ്തുത പ്രദക്ഷിണം അടുത്തുവന്നപ്പോൾ അൽഫോൻസു രാജാവു താൻ കയറിയിരുന്ന വണ്ടിയിൽ നിന്നു താഴെ ഇറങ്ങി രാജാധിരാജനു ഭക്ത്യാദരവോടെ അഭിവന്ദനം ചെയ്തു. അനന്തരം രാജാവും വിശുദ്ധ കുർബ്ബാന വഹിച്ചിരുന്ന പട്ടക്കാരൻെറ സമീപ

ത്തായി ആ വണ്ടിയിൽ സ്ഥലം പിടിച്ചു. അദ്ദേഹം വളരെ ഭക്തിയോടും ബഹുമാനത്തോടും തലമൂടാതെ രാജാക്കളുടെ രാജാവിനെ അകമ്പടി സേവിച്ച് ആസന്നമരണനായിക്കിടന്ന ഒരു പാവപ്പെട്ട മനുഷ്യന്റെ ഹീന കുടിലിൻവാതുക്കൽ എത്തി. പട്ടക്കാരൻ വണ്ടിയിൽ നിന്നിറങ്ങി രോഗിയുടെ അരികെ നിന്നു. രാജാവുകൈകൾ കൂപ്പി കൂദാശകൾ സ്വീകരിക്കുന്നതിലേക്കായത്തീ രോഗിയുടെശിരോഭാഗത്തു മുട്ടുകുത്തി വേണ്ട പരിചരണങ്ങൾ ചെയ്തു. കർമ്മങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം പട്ടക്കാരന്റെ പാദത്തുങ്കൽ മുട്ടുകുത്തി ആശീർവ്വാദം വാങ്ങി തിരിച്ചുപോകുകയും ചെയ്തു. തിരുപ്പാഥേയം കൊണ്ടുപോകുന്ന പട്ടക്കാരനെ അനുഗമിക്കുന്നത് എത്രയോ സ്തുതിക്കത്തക്ക പ്രവൃത്തിയാണ്. അപ്രകാരം അനുയാനം ചെയ്യുന്നവർക്ക് * ദണ്ഡവിമോചനംപോലും തിരുസഭ നൽകിവരുന്നുണ്ട്. രോഗികൾക്കായി വി. കുർബാന കൊണ്ടുപോകുന്നത് കണ്ടാലും ആ ദൈവികരാജനെ അനുഗമിക്കുന്നതും അദ്ദേഹത്തിനു ആചാരം കാണിക്കുന്നതും തങ്ങളുടെ അന്തസ്സിനു ചേരാത്തതായി വിചാരിക്കുന്ന ആളുകൾക്ക് അൽഫോൻസ് രാജാവിന്റെ ഈ മഹനീയ പ്രവൃത്തി ഒരു നല്ല പാഠമായിരിക്കട്ടെ.

* വിളക്കുകളോടുകൂടെ ദിവ്യകാരുണ്യത്തെ അനുയാനം ചെയ്യുന്നവർക്ക് ൭ വർഷം. ൭ മണ്ഡലത്തെയും വിളക്കുകൾ കൂടാതെ കൂടെപ്പോകുന്നവർക്ക് ൫ വർഷം. ൫ മണ്ഡലത്തെ ദണ്ഡവിമോചനം തിരുസഭ കല്പിച്ചനുവദിച്ചിട്ടുണ്ട്.

# ക്രിസ്തുമസ്സ് സന്ദേശം.

(മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.)

നയനിധിസുതനീശ്വരൻ തൊഴുത്തിൽ-
ദ്ദയയൊടു മാനുഷനായ് പിറന്ന നാളിൽ
ഭയരഹിതമതിന്നടുക്കലാടിൻ-
ചയമൊടുവാണിതു മേഷപാലവൃന്ദം. 1.

വിറകുകളതിയായടുക്കിവാച്ചും
വിറകളയുന്നതിനഗ്നി കൂട്ടി നന്നായ്
മുറയൊടു കഥയും പറഞ്ഞുമോദം
നിറയുമൊരുള്ളൊടിരുന്നിതാജ്ജനങ്ങൾ. 2.

കഥയിലവർ ലയിച്ച നേരമോടും
കഥയറിയാതെ കഴിച്ചു പാതിരാവായ്,
അഥ ചിലരിലുറക്കമങ്കുരിച്ചു;
കഥനവുമസ്സമയം ക്രമാൽ കുറഞ്ഞു. 3.

പലരവിടവിടെക്കിടന്നു കയ്യിൽ-
ത്തലയുമണച്ചു ചുരുണ്ടു കണ്ണടച്ചു,
ചിലരനിലനുലച്ചിടും മരത്തിൻ-
നിലയെ വഹിച്ചു ചലിച്ചുനാല്പപാടും. 4.

ഒരു പഴുതണയാതജവ്രജത്തെ
വിരുതൊടു കാട്ടിൽ നയിച്ചിടും ശ്രുനന്മാർ
ഇരുമിഴിയുമടച്ചു തീയ്ക്കടുക്കൽ-
പ്പുരുസുഖമോടു കിടന്നുറക്കമായി. 5.

നിരുപമകിരണം ചൊരിഞ്ഞുവാനോ-
നൊരുവനടുക്കലണഞ്ഞിതാക്ഷണത്തിൽ;
പുരുഭയമൊടുറക്കമററെണീററാ-
പ്പുരുഷഗണം പരമമ്പരന്നു നിന്നു. 6.

സരസമവരൊടേവമോതി വാനോൻ
"ദരമരുതല്പമകക്കുരുന്നിലാക്കും;
നിരവധികൗതുകം വളർത്തുവോരാ-
വരസുവിശേഷമിതാ കഥിച്ചിടുന്നു. 7.

"പ്രവരഗുണഗണാബ്ധിയായ ദാവീ-
ദവനിവരന്റെ വരിഷ്ഠപട്ടണത്തിൽ
ഭുവനതലനിവാസികൾക്കശേഷം
ശിവമരുളാൻ മിശിഹാ പിറന്നിതിന്നാൾ. 8.

"തന്നുതമവസനത്തിനാൽ മറച്ചും
തനലതചേന്ന പശുത്തൊഴുത്തിനുള്ളിൽ
അനുപമമൊളിപൂണ്ടൊരുണ്ണി കണ്ണി-
ന്നനുഭവമാം, നറുമുത്തുചിപ്പിയിൽപോൽ." 9.

ഇടയനിർയൊടിപ്രകാരമിമ്പ-
ക്കടലടികാട്ടിട്ടമാറു ചൊല്ലി വാനോൻ
ഉടനുയരമണഞ്ഞു ദിവ്യഗാനം
സ്ഫുടതരമിങ്ങനെ കൂട്ടരൊത്തുപാടി. 10.

"സ്തുതിദിവിനിതരാം ജഗത്ത്രയത്തിൻ-
പതിപരമേശനു സംഭവിച്ചിടേണം;
ക്ഷിതിയിലമലരായവക്കജസ്രം
ക്ഷതികലരാതവധാനമെത്തിടേണം." 11.

ലളിതലയ പദങ്ങളൊത്തിവണ്ണം
മിളിതരസം പല പാട്ടപാടി വാനോർ
ഒളിചിതറിമറഞ്ഞു; മേഷപന്മാർ
തെളിവൊട്ടപോയിതുബേസ്ലഹേമിലേക്കും. 12.

അവയവനിര കോച്ചിട്ടും തണുപ്പും
ഭുവനതലത്തെ മറച്ചിട്ടും തമസ്സും
അവരകതളിരിൽഗ്ഗണിച്ചിടാതാ-
നവന്നവരൻ മരുവുംതൊഴുത്തിലെത്തി. 13.

പ്രവര മറിയ, നീതിശാലി യൌസേ-
പ്പിവരുടെ ലാളനമൊത്തു ദിവ്യവത്സൻ
നവസുഷമയൊടും കിടപ്പതീക്ഷി-
ച്ചവരാധികം ഭയഭക്തിപൂണ്ടു കൂപ്പി. 14.

# അവക്കു വീഞ്ഞില്ല.

(റവ. തോമ്മസ് പോൾ, മണക്കാട്ട്.)

അന്നു കാനായിൽ ഒരു കല്യാണം പൊടിപൊടിച്ചു നടന്നു. ആ മംഗളാവസരത്തെ പരിപാവനമാക്കുന്നതിനൊ എന്നു തോന്നുമാറ്, മ്ശിഹായും തന്റെ പരിശുദ്ധ അമ്മയും, തന്റെ ശിഷ്യന്മാരും അവിടെ സന്നിഹിതരായിരുന്നു. കല്യാണവീട്ടുകാർ അത്ര സമ്പന്നന്മാരായിരുന്നില്ല. നമ്മുടെ പ. അമ്മ അവിടെ നേരത്തെ ചെന്നുചേരുകയും അവരെ പലവിധത്തിൽ സഹായിക്കയും ചെയ്തിരുന്നു. ഇങ്ങനെ യഥാസമയം വിരുന്നും തയ്യാറായി. ക്ഷണിയ്ക്കപ്പെട്ടവരെല്ലാം ഭക്ഷണത്തിനിരുന്നു. കുറെക്കഴിഞ്ഞപ്പോൾ, വീഞ്ഞ് എല്ലാവക്കും തികയുകയില്ലെന്ന് നമ്മുടെ പ. അമ്മയെ വീട്ടുകാർ അറിയിച്ചു. അങ്ങിനെ ഒരുപക്ഷേ സംഭവിയ്ക്കുന്നെങ്കിൽ ആ സുമംഗളദിനം അമംഗളമായി പയ്യവസാനിയ്ക്കുമെന്നു ആ അനുഗ്രഹമുള്ള മാതാവു മനസ്സിലാക്കി. ഈ വിഷമഘട്ടത്തിൽ സവ്വവല്ലഭനായ സ്വപുത്രന്റെ- ക്രിസ്തുവിന്റെ- സങ്കേതം പ്രാപിച്ചാൽ കാര്യം ശുഭമാകുമെന്നു തീർച്ചയാക്കി, ജനക്കൂട്ടത്തിൽക്കൂടി മെല്ലെ കടന്നുചെന്നു മകനെ വിളിച്ച് രഹസ്യമായി പറഞ്ഞു. "അവക്കു വീഞ്ഞില്ല" എന്നാൽ ക്രിസ്തു ഉത്തരിച്ചു: "സ്ത്രീയെ-എനിയ്ക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും വന്നിട്ടില്ല" പ്രഥമ ശ്രവണത്തിൽ ഇച്ഛാഭംഗം വരുത്തുന്ന പുത്രന്റെ ഈ വചനങ്ങളെ കേട്ടിട്ടും കാര്യം സഫലമായ മട്ടിൽ അടുത്തുനിന്നിരുന്ന സേവകരോടു അവൾ പറഞ്ഞു. "നിങ്ങൾ അവൻ പറയുന്നതെല്ലാം ചെയ്യുവിൻ" അനന്തരം അവൾ അവിടെനിന്നും പോയി. ക്രിസ്തുവോ എന്നാൽ സ്വമാതാവിന്റെ ഇഷ്ടം അക്ഷരാത്ഥം നിറവേററി. അത്ഭുതകരമായി വെള്ളം വീഞ്ഞായി പ്പകർത്തി. ഒന്നാന്തരം വീഞ്ഞു കുടിപ്പിച്ച്, വിരുന്നുകാരെ അവിടുന്നു സംതൃപ്തരാക്കിയെന്ന് വിശുദ്ധ ലിഖിതത്തിൽനിന്നു നാം അറിയുന്നു.

പ്രി. സോദരരെ! ഏതൽ സംഭവത്തിൽ നിന്നും നമ്മുടെ പ. അമ്മയുടെ ശക്തിപ്രാഭവം എത്രമാത്രമെന്നു തെളിയുന്നുണ്ടല്ലൊ. നമ്മുടെ പ. അമ്മ സ്വപുത്രനോടു അവക്കു വീഞ്ഞില്ലെന്നേ പറഞ്ഞുള്ളു. മറിച്ച് അവക്കു നീ വീഞ്ഞു

കൊടുക്കണമെന്നു പറഞ്ഞില്ല. അതെ, അവരുടെ വിഷമഘട്ടത്തെ മകന്റെ മുമ്പിൽ എടുത്തു കാണിക്കുകയെ ചെയ്യുള്ളു. എന്നിട്ടും അമ്മയുടെ അന്തർഗതത്തെ പുത്രൻ സഫലമാക്കിക്കൊടുക്കുന്നു. അതെ, അവളുടെ ആഗ്രഹത്തെ പുത്രൻ നിറവേറ്റുന്നു. അതും കേവലം ഒരു ലൌകികനന്മക്കായിട്ട്. ഇങ്ങനെയെങ്കിൽ, ആത്മികമായും ലൌകികമായുമുള്ള നമ്മുടെ സങ്കടങ്ങളിലും വിഷമതകളിലും ഈ പ. അമ്മയെ അഭയംതേടുന്നെങ്കിൽ നമുക്ക് എന്തു സഹായവും ലഭിക്കാതിരിക്കുമോ! ഒരിക്കലുമില്ല. അതെ നാം ഈ അമ്മയുടെ വികാരങ്ങളെ ഒന്നിളക്കിയാൽമതി. "എന്റെ അമ്മെ എന്റെ ആശ്രയമെ" എന്നു ഹൃദയത്തിൽ ഒന്നുച്ചരിച്ചാൽ മതി. എല്ലാം ശുഭമായി ഭവിക്കും.

# ഉണ്ണിയിശോ വരുമോ?

## ഒരു യഥാർത്ഥ സംഭവം.

(ഒരു ബി. എ. വിദ്യാർത്ഥി, ത്രിശ്ശിനാപ്പള്ളി.)

ഈ സംഭവം നടന്നതു് 1925-ലാണു്. ഞാൻ അന്നു് ചങ്ങനാശ്ശേരി കോളേജിൽ ഒരു വിദ്യാർത്ഥിയായിരുന്നു. ഇപ്പോഴേക്ക കേരളമാസകലം പ്രസിദ്ധി നേടിയിരിക്കുന്നിടയുള്ള മാർ തോമ്മാദാസ സംഘത്തിലെ ഒരംഗമായിരുന്നതുകൊണ്ട് എനിക്കു് പൂവം വേദപാഠശാലയിൽ പ്രഥമാദ്ധ്യാപക ജോലിയും ഉണ്ടായിരുന്നു. പൂവം ചങ്ങനാശ്ശേരിപ്പട്ടണത്തിൽനിന്നും ഒന്നര മൈൽ തെക്കുപടിഞ്ഞാറായുള്ള ഒരു ദ്വീപപ്രദേശമാണു്. അവിടെ പുലയരുടെയും ഈഴവരുടേയും ഇരുപതിൽ കവിയാത്ത ഭവനങ്ങളൊഴിച്ചാൽ ബാക്കിയുള്ളവയെല്ലാം കത്തോലിക്കരുടേതുതന്നെ.

ഒരു ഞായറാഴ്ച, ഞാൻ ജോലിസ്ഥലത്തു് വേദപാഠം എടുത്തുകൊണ്ടിരിക്കുകയായിരുന്നു. നമ്മുടെ ദിവ്യരക്ഷകനായ ഈശോയെ കാണുന്നതിനു് ജനക്കൂട്ടം മൂലം സാധിക്കായ്കയാൽ ഒരു മരത്തിൽ കയറി സംവീക്ഷണം ചെയ്യുവാൻ ശ്രമിച്ചസക്കേവൂസിന്റെ ചരിത്രമാണു് ഞാൻവിവരിച്ചുകൊണ്ടിരുന്നതു്. അഗാധമായഔദാര്യത്തിന്റെയും നിസ്തുലമായ സ്നേഹത്തിന്റെയും നിധിയായ ഈശോ ആ മരത്തിന്റെ നിഴലിൽ പ്രവേശിച്ചപ്പോൾ അവിടന്നു് നേത്രങ്ങളെ മേല്പോട്ടുയർത്തി, താഴെ ഇറങ്ങിവരുവാൻ സക്കേവൂസ്സിനോട്ട് കല്പിക്കുകയും അന്നുതന്നെ അയാളുടെ വീട്ടിൽ സഹഭോജനം ചെയ്യുവാൻ വരുമെന്നു് അറിയിക്കുകയും ചെയ്ത ഭാഗം (ലൂക്കാ I9. 2. 4.) ഞാൻ വേണ്ട തന്മയത്വത്തോടുകൂടി കുട്ടികളെ പറഞ്ഞു കേൾപ്പിച്ചു. ബാലമനസ്സിനു് ഏകാഗ്രത നൽകുവാൻ കഥകൾക്കുള്ളതുപോലെ മറ്റൊന്നിനും ശക്തിയില്ലല്ലോ. ആ സംഭവസ്ഥാനങ്ങൾക്കു് തങ്ങളുടെ സാധാരണ ജീവിതത്തോടുള്ള ബന്ധംകൊണ്ടോ ഉള്ളഴിഞ്ഞു് വിസ്തരിച്ചുകൊണ്ടിരുന്ന എന്റെ വിവരണരീതികൊണ്ടൊ എന്തോ കുട്ടികൾ എല്ലാവരും ഇമഇളക്കാതെയെന്നവണ്ണം എന്നെത്തന്നെ സൂക്ഷിച്ചു് സശ്രദ്ധം ശ്രവിച്ചുകൊണ്ടിരുന്നു.

ഈശോ മരത്തിന്റെ താഴെവന്നു് മേല്പോട്ടു നോക്കിയപ്പോൾ നിർഭരമായ ജിജ്ഞാസയോടും അത്ഭുതത്തോടും കൂടി വൃക്ഷശാഖയിലിരുന്ന സക്കേവൂസ്സിനെ ദർശിച്ചു, എന്നു് പറഞ്ഞു തീൎന്ന മാത്രയിൽ പുറത്തുള്ള വരാന്തയിൽക്കൂടി നടന്നുവന്ന ഒരു ബാലൻ എന്റെ ഇരിപ്പിടത്തിനു് എതുവശത്തുണ്ടായിരുന്ന

ഒരു വാതായനം കുറച്ചൊന്നു തുറന്ന് അതിന്റെ മറയിൽ നിലയായി. ഏകാഗ്രചിത്തരായിരുന്ന കുട്ടികളുടെ നേത്രങ്ങളും അവയെ തുടർന്ന് മനസ്സും ഏതാനും നിമിഷത്തിനിടയിൽ പുറത്തുനിന്ന ആരൂപത്തിൽ പതിഞ്ഞു. അത്യന്തം ഗുരുതരമായ ഒരു സ്ഥാനത്ത് ക്ലാസ്സിൽ വിഘ്നമുണ്ടാക്കി അതിന്റെ "രസച്ചരട്" പൊട്ടിച്ച ആ ധിക്കാരിയുടെ നേരെ എനിക്ക് അസാമാന്യദ്വേഷ്യമുണ്ടായി. ഉടൻ ഒരു പെൺകുട്ടി എണീററുനിന്ന് "സാർ, ഗോപു ഒരു പടത്തിനാണ് വന്നിരിക്കുന്നത്" എന്നു ലേശവും കൂസലില്ലാതെ വിളിച്ചുപറഞ്ഞു. ക്ലാസ്സിന്റെ സ്വതന്ത്രഗതിയെതടയാൻ തുനിഞ്ഞ ബാലൻ ഇതുകേട്ട് ഝടുതിയിൽ അവിടെനിന്നും മറയുകയും ചെയ്തു. എന്റെ കോപഭാവം കണ്ട കുട്ടികൾ വളരെ വിഷണ്ണരായിനിന്നു. എനിക്കൊട്ടും ക്ഷമയുണ്ടായില്ല; "വേഗം അവനെ ഇവിടെ പിടിച്ചുകൊണ്ടുവരൂ" എന്ന് ഞാൻമോണിട്ടർക്ക് കർശനമായ ഒരാജ്ഞ നൽകി.

ഏതാനും മിനിട്ടിനകം ബലിഷ്ഠനായ മോണിട്ടർ "ക്രിമിനൽ പുള്ളിയു"മായി പ്രവേശിച്ചു. ഗോപുവിന് (ആ ഈഴവബാലന്റെ പേർ ഗോപാലൻ എന്നായിരുന്നു. ഗോപു എന്നത് വാത്സല്യപ്പേരാണ്.) കഷ്ടിച്ചു പന്ത്രണ്ടു വയസ്സുപ്രായംകാണും. നന്നാ വെളുത്ത് മെലിഞ്ഞ ശരീരം, അഴുക്കുനിറഞ്ഞ് അവിടവിടെ കീറിത്തുടങ്ങിയ വസ്ത്രം, ദാരിദ്ര്യത്തിന്റെയും അശുചിത്വത്തിന്റെയും ഇടയിൽ കൂടി നോക്കുന്ന സുന്ദരമുഖം, പ്രഭാതകാലത്തിലെ പൂർണ്ണചന്ദ്രനെപ്പോലെ മാഞ്ഞു മറയാൻ തുടങ്ങുന്ന നെററിയിലെ ചന്ദനപ്പൊട്ട്, അസാധാരണ വിനയത്തോടും സംഭ്രമത്തോടും കൂടിയ നില, ഇവയെല്ലാംകൂടി കണ്ടപ്പോൾ എന്റെ മനസ്സ് ആർദ്രമായി. എന്റെ ആജ്ഞ സാഹസമായിപ്പോയി എന്ന് പശ്ചാത്തപിച്ചു. മററു യാതൊരു ചോദ്യോത്തരങ്ങളും കൂടാതെ ഒരു ബെഞ്ചിന്റെ ഒഴിവ് ചൂണ്ടിക്കാണിച്ച് "അവിടെ ഇരിക്കൂ" എന്നു മാത്രം ഞാൻ ഗോപുവിനോടു ആജ്ഞാപിച്ചു. ക്രിസ്തുമതസ്ഥരായ വിദ്യാർത്ഥികളെയെല്ലാം ഒന്നു നോക്കി അല്പം മടി പ്രദർശിപ്പിച്ചുവെങ്കിലും അതേ ആജ്ഞ രണ്ടാമതും ആവർത്തിച്ചു തീരുന്നതിനു മുമ്പു ബാലൻബെഞ്ചിൽ ഇരുന്നുകഴിഞ്ഞു. വിശേഷമായ യാതൊന്നുംഉണ്ടാകാത്തതുപോലെ ഞാൻ പിന്നീട് ധൂർത്തപുത്രന്റെ ഉപമ വിവരിക്കുവാൻ തുടങ്ങി. ഇടക്കിടക്ക് ഗോപുവിനെ സൂക്ഷിച്ചപ്പോൾ കഥയുടെ വിവിധഭാഗങ്ങളിൽ അവൻ അസാമാന്യാസക്തി പ്രദർശിപ്പിച്ച് ശ്രദ്ധിക്കുന്നതായി കണ്ടു. ക്ലാസ്സുകഴിഞ്ഞപ്പോൾ നിഷ്കളങ്കതയുടെ പ്രത്യക്ഷലക്ഷ്യമായ ഒരു മന്ദസ്മിതത്തോടുകൂടി ഗോപു എന്റെ അടുത്തു വന്നു ഞങ്ങളുടെ പാഠത്തിനു വരുത്തിക്കൂട്ടിയ വിഘ്നത്തെപ്പററി യാതൊന്നും ശബ്ദിക്കപോലും ചെയ്യാതെ ഉണ്ണി ഈശോയുടെ ഒരു മനോഹരപടം വളരെ സന്തോഷത്തോടുകൂടി ആ ബാലനു ഞാൻ സമ്മാനിക്കുകയും അടുത്ത ഞായറാഴ്ചയും ക്ലാസ്സിൽ വരണമെന്ന് ഞാൻ പ്രത്യേകമായി ആവശ്യപ്പെടുകയുംചെയ്തു. അനന്തരം ഞാൻ സ്വഭവനത്തേക്കു മടങ്ങാൻ ഒരുങ്ങിയപ്പോൾ അടുത്തുനിന്നിരുന്ന ചില കുട്ടികൾ ഗോപുവിനേയും പടത്തേയും എന്നേയും അസൂയാകലുഷിതങ്ങളായ നേത്രങ്ങളോടുകൂടി മാറി മാറി നോക്കുന്നതു കണ്ടു.

അടുത്ത ഞായറാഴ്ചക്കു മുമ്പുതന്നെ എനിക്കുപൂവത്തു പോകേണ്ടതായി വന്നുകൂടി. ഞങ്ങളുടെ വേദപാഠശാലയിൽ രണ്ടാം ക്ലാസിൽ പഠിച്ചുകൊണ്ടിരുന്ന ഒരു ബാലൻ മരിച്ചുപോകയാൽ ശവസംസ്കാരത്തിൽ സംബന്ധിക്കുന്നതിനു ഞാൻ രണ്ടു ദിവസങ്ങൾക്കു ശേഷം അവിടെച്ചെന്നു. അപ്പോൾ രണ്ടു കൈകളുംകൂപ്പി വന്ദനംചെയ്ത് എന്നെ സമീപിച്ച ആദ്യ വിദ്യാർത്ഥി ഗോപുവായിരുന്നു. അവന്റെ കൈവശം ഞാൻ സമ്മാനിച്ച പടവുമുണ്ടായിരുന്നു. പിന്നീടു ഞാൻ മൃതശരീരം കിടക്കുന്ന വീട്ടിലേക്കു പോയി. ഞാൻ അവിടെച്ചെന്നപ്പോൾ മനോഹരമായ പട്ടുവസ്ത്രം ധരിച്ച്, തലയിൽ കുസുമമകുടവുംചൂടി, ഇരുകരങ്ങളോടുംചേർത്ത് ര

ണ്ടു ചിറകുകൾ ഏന്തി, നിദ്ര ചെയ്യുന്നതുപോലെ കാണപ്പെട്ട ആ സുമുഖമായ ബാലശരീരത്തെ ഗോപു വളരെ സന്തോഷത്തോടും കൌതുകത്തോടും സൂക്ഷിക്കുന്നതു് എന്റെ ദൃഷ്ടിയിൽ പെടാതിരുന്നില്ല. അപ്പോൾ എന്റെ ഹൃദയത്തിന്റെ അഗാധത്തിൽ ഉണ്ടായിരുന്ന ആശ ഒന്നുണൎന്നു. ബ. വൈദികനും പരിവാരവും ആഗതരായപ്പോൾ ബാൻറിന്റെ ആഹ്ളാദപ്രകടനത്തോടുകൂടി മൃതശരീരം ആഘോഷമായി എടുത്തു ചങ്ങനാശേരി സിമിത്തേരിയിൽ സംസ്കരിക്കുവാൻ കൊണ്ടുപോകുന്നതിനു വള്ളത്തിൽ പൂജ്യതയോടെ വച്ചു. അതേത്തുടൎന്നു ഞാൻ വള്ളത്തിൽ കയറുവാൻ ഭാവിച്ചപ്പോൾ ഒരു കരം എന്റെ ഷർട്ടിന്റെ പിറകിൽ പിടിച്ചു. തിരിഞ്ഞുനോക്കിയപ്പോൾ ആരുടെയും മനസ്സിനെ ഇളക്കുന്ന ആർദ്രതയോടുകൂടി ഗോപു "സാർ ഞാനുംകൂടെ പോരട്ടേ?" എന്നു ചോദിച്ചു. 'നിന്റെ അച്ഛന്റെ അനുവാദം വാങ്ങി വാ' എന്നു മാത്രം പറഞ്ഞുകൊണ്ടു കരയിൽനിന്നും നീങ്ങിത്തുടങ്ങിയ വള്ളത്തിലേക്കു ഞാൻ ചാടിക്കയറി. ഗോപു അപ്രത്യക്ഷനാവുകയുംചെയ്തു.

പതിവുപോലെ അടുത്ത ഞായറാഴ്ച ഞാൻ ക്ലാസ്സിൽ ചെന്നപ്പോൾ ഗോപു തനിയ്ക്കു ലഭിച്ച സമ്മാനത്തോടുകൂടി ഹാജരുണ്ടായിരുന്നു. തലേ ബുധനാഴ്ച അകാലനിൎയ്യാണം പ്രാപിച്ച വിദ്യാൎത്ഥിയെ സംബന്ധിച്ചു് ഞാൻ ക്ലാസിൽ വളരെ പ്രസ്താവിക്കുകയുണ്ടായി. ഉണ്ണി ഈശോയെ ഹൃദയപൂർവ്വം സ്നേഹിച്ചു് നല്ലവരായി ജീവിക്കുന്ന കുട്ടികൾ മരിക്കുമ്പോൾ അവിടുന്നു് മാലാഖമാരോടുകൂടി തൽസമയം സന്നിഹിതനായി സ്വൎഗ്ഗത്തിലേക്കു ആ പുതിയ മാലാഖായെ കൂട്ടിക്കൊണ്ടുപോകുമെന്നുംമററും ഞാൻ വിശദമായിവിവരിച്ചു. ഗോപുവിന്റെ മുൻപറഞ്ഞ പടത്തിൽ ചിത്രിച്ചിരുന്നതുതന്നെ ഉണ്ണി ഈശോയുടെ അടുത്തു് ഏതാനും മാലാഖാമാർ നിൽക്കുന്നതായിട്ടായിരുന്നു. എന്റെ ഉപദേശത്തിനിടയിൽ ഗോപു തന്റെ പടത്തെ ഉൽക്കണ്ഠയോടെ നോക്കിക്കൊണ്ടിരുന്നു. കുട്ടികളിൽ ഓരോരുത്തരും അപ്പോൾ "ഹാ! ഞാൻ ഒരു നല്ല കുട്ടിയായി മരിച്ചിരുന്നെങ്കിൽ" എന്നു് സന്തോഷത്തോടുകൂടി പറഞ്ഞുതുടങ്ങി. ഗോപു ഇങ്ങനെ ഒരാഗ്രഹം വെളിപ്പെടുത്തിയോ എന്നു് എനിക്കു നിശ്ചയമില്ല. വീണ്ടും തുടർച്ചയായി പല ക്ലാസുകളിലും അവൻ ഹാജരായിക്കൊണ്ടിരുന്നു. ഏകദേശം രണ്ടു മാസം കഴിഞ്ഞു് അവൻ വന്നതേ ഇല്ല. ഞാൻ അന്വേഷിച്ചപ്പോൾ അവൻ ദൂരെ ഒരു ബന്ധുവിന്റെ കൂടെ താമസിക്കുകയാണെന്നു മനസ്സിലായി.

മൂന്നു മാസം കഴിഞ്ഞു. അന്നു ഞാൻ ചങ്ങനാശേരി പള്ളിമേടയിൽ ഒരു മുറിയിലാണു താമസിച്ചിരുന്നതു്. മകരമാസത്തിലെ ഒരത്യുഷ്ണദിവസം: സന്ധ്യയായപ്പോൾ കാർമേഘപടലങ്ങൾ ആകാശത്തിൽ നിരന്നു. ഇടിനാദം കൂടെക്കൂടെ കേട്ടുതുടങ്ങി. മിന്നൽപ്പിണറുകൾ ചില താന്ത്രികവിദ്യകൾ തുടങ്ങി. അനേകായിരം ജനങ്ങളുടെ "ഒരു മഴയുണ്ടായെങ്കിൽ" എന്ന പ്രാൎത്ഥനയോടുകൂടി ഞാനും ചേൎന്നു് വാതായനത്തിനരികെ ഒരു കട്ടിലിൽ നിദ്രക്കൊരുങ്ങി. മാരി അൎത്ഥിച്ചു് എത്ര സമയം ഞാൻ അങ്ങനെ കിടന്നുവെന്നു് ഓൎമ്മയില്ല. വാതലിൽ ഘനമായി മുട്ടുന്ന ഒരു ശബ്ദംകേട്ടു് ഞാൻ ഞെട്ടി ഉണൎന്നു. അതിനെ അനുഗമിച്ച അസ്പഷ്ടമായ മനുഷ്യശബ്ദം എന്തെന്നു തിരിച്ചറിയുവാൻ നിൎവ്വാഹമില്ലായിരുന്നു. എന്റെ സ്നേഹിതന്മാരോടു് നിദ്രയിലും എനിക്കുള്ള സുബോധത്തെപ്പററി ചിലപ്പോഴെല്ലാം വീരവാദം പറയാറുള്ളതു അനുസ്മരിച്ചു് ഞാൻ ചാടി എണീററു. ഒരു കാൽ എന്തിനെയോ തട്ടി അല്പം വേദനയുണ്ടാക്കിയതു ഞാൻ ഗൗനിച്ചതേയില്ല. മഴ "തുള്ളിക്കു തുളുമ്പുംകുടം" എന്ന വിധത്തിൽപെയ്തുകൊണ്ടിരിക്കുന്നു. ഭയങ്കരമായ മേഘഗൎജ്ജനവും ഭീതിപ്പെടുത്തുന്ന മിന്നൽപ്പിണരും എന്റെ പരിഭ്രമത്തെ വൎദ്ധിപ്പിച്ചു. തീപ്പെട്ടി എടുത്തു് മൂന്നു കോലുരച്ചു നോക്കിയിട്ടും കത്തിയില്ല. നാലാമത്തും അഞ്ചാമത്തും ഉരസ്സിയവ കത്തിയെങ്കിലും തുറന്നു കിടന്ന വാതായനത്തിൽക്കൂടി കടന്നുവന്ന മാ

രുതൻ അവയെ അണച്ചുകൊണ്ടു ഗമിച്ചുകളഞ്ഞു. ഒരുവിധത്തിൽ ഞാൻ പെട്ടി തുറന്ന് വൈദ്യുതദീപം എടുത്തു തെളിച്ചു. അനന്തരം വാച്ചു നോക്കിയപ്പോൾ ഒന്നേമുക്കാൽ മണിയായിരുന്നു.

ഉടൻതന്നെ വാതൽ തുറന്നു. മുഷിഞ്ഞു നനഞ്ഞ വസ്ത്രം ധരിച്ചു് അര്ദ്ധനഗ്നരായ രണ്ടു ബലിഷ്ഠകായന്മാർ മുറിയിലേക്കു കയറി. ഒരാൾ മദ്ധ്യവയസ്സനും അപരൻ വാര്ദ്ധക്യദശയെ പ്രാപിച്ച ആളും ആണു്. യാതൊരു മുഖവുരയും കൂടാതെ വയസ്സൻ പറഞ്ഞു "സാർ അത്രടം വരണം. അവനു വല്ലാത്ത ശാഠ്യമാണു്."

ഞാൻ വല്ലാതെ അമ്പരന്നുപോയി. ഈ ഭയങ്കരമായ കാളരാത്രിൽ സാർ എത്രടം വരണം? ആര്ക്കാണു് ശാഠ്യം? അവന്റെ ശാഠ്യത്തിനു് സാർ എന്തു ചെയ്യുവാനാണു്? എന്നു് തുടങ്ങിയ പല ചോദ്യങ്ങൾ ഒന്നിച്ചു എന്റെ ബോധത്തിൽ ഉദയം ചെയ്തു.

എന്നാൽ ഞാൻ മറുപടി പറയുന്നതിനു് മുമ്പു് മദ്ധ്യവയസ്സൻ പറഞ്ഞു: ഞങ്ങൾ പൂവത്തുനിന്നും വരുകയാണു്. സാർ ഗോപുവിനെ അറിയില്ലേ? അവനു സുഖക്കേടു കൂടുതലാണു്. മൂന്നുനാലു ദിവസങ്ങളായിട്ടു സാറിനെ കാണുവാൻ അവൻ ശാഠ്യം തുടങ്ങിയിരിക്കുന്നു. അതു് അവന്റെ സുഖക്കേടിനെ വര്ദ്ധിപ്പിക്കുമെന്നു് ശങ്കിച്ചു് സാറിനെ കൊണ്ടുചെല്ലുവാൻ വൈദ്യൻ പ്രത്യേകം ആവശ്യപ്പെട്ടിട്ടാണു് ഞങ്ങൾ വന്നിരിക്കുന്നതു്.

ആ നിശാസന്ദേശത്തിലെ ഓരോ വാക്കും ഞാൻ വളരെ ശ്രദ്ധയോടെ കേട്ടു. കാരണം നിര്ണ്ണയിക്കാൻ പാടില്ലാത്ത സന്തോഷവും സംഭ്രമവും ഇടകലന്നു് ചിന്താഭാരത്താൽ ഞാൻ അടുത്തുണ്ടായിരുന്ന ഒരു കസേരയിലിരുന്നു. കുറേസമയത്തേക്കു ഘോരമായി വര്ഷിച്ചുകൊണ്ടിരുന്ന മഴയുടെ ശബ്ദമല്ലാതെ മറെറാന്നും കേൾക്കുവാനില്ലായിരുന്നു. എന്തോ ചിലതെല്ലാം ഊഹിച്ചുകൊണ്ടു് ഞാൻ എണീററു. എന്നെ ആവശ്യപ്പെട്ടതിന്റെ കാരണമെന്തെന്നു് ആ സന്ദേശവാഹികൾക്കു വ്യക്തമായും ഖണ്ഡിതമായും പറയുവാൻ കഴിഞ്ഞില്ല. പള്ളിയിൽനിന്നും വൈദികരിൽ ആരെയെങ്കിലും കൊണ്ടുപോകണമോ എന്നും ഞാൻ വിചാരിച്ചു. എന്നാൽ വേണ്ട കാര്യനിര്ണ്ണയം കൂടാതെ ആ രാത്രിയിൽ അവരെ അസഹ്യപ്പെടുത്തുന്നതു ഉചിതമല്ലെന്നു സമാധാനപ്പെട്ടുകൊണ്ടു് ഞാൻ യാത്രക്കൊരുങ്ങി.

അഞ്ചു മിനിട്ടിനകം കുടയുമെടുത്തു് വൈദ്യുതദീപത്തോടുകൂടി ഞാൻ പുറത്തിറങ്ങി. ഒരാൾ മുൻപേ വഴികാണിച്ചുകൊണ്ടു നടന്നു. "തുമ്പിക്കൈവണ്ണ"ത്തിൽ അതിഘോരമായി പെയ്യുന്ന മഴ. വീഥികളിലെ മുട്ടോളം താഴുന്ന ചെളിയിൽകൂടി പാഞ്ഞുകൊണ്ടിരുന്ന വെള്ളച്ചാലുകൾ നീന്തി ഞങ്ങൾ നടന്നുതുടങ്ങി. ക്ഷുബ്ധപ്രകൃതിക്കു അകമ്പടിപോലെ അവിടവിടെ ചില മുൻസിപ്പാലിററിവിളക്കുകൾ ഗോഷ്ഠികാണിക്കുന്നുണ്ടു്. തവള ചീവീടു മുതലായ ജന്തുക്കൾ വഴിയരികിലുള്ള പൊത്തുകളിലിരുന്നു് നിശാരാക്ഷസിയുടെ നര്ത്തനത്തെ കീര്ത്തിക്കുന്നു. ഞാൻ വിസ്തൃതമായ മനോരാജ്യത്തിൽകൂടെ സഞ്ചരിച്ചുകൊണ്ടിരുന്നു.

ഏതാനും ഫർലോങ്ങു് നടന്നശേഷം ഞങ്ങൾ ഒരു വള്ളത്തിൽ കയറി. സഹചരന്മാർ രണ്ടുപേരും രണ്ടു് ആയുധങ്ങളേന്തി ജലമാരുതന്മാരോടു് ഒരു യുദ്ധവും തുടങ്ങി. മാരുതൻ എന്റെ കൂട്ടുകാരുടെ സാമര്ത്ഥ്യം നല്ലവണ്ണം പരിശോധിക്കാതിരുന്നില്ല. ഒരിക്കൽ വള്ളം ശക്തിയായ കാററിൽ അകപ്പെട്ടു മിക്കവാറും മറിയുവാൻ ആരംഭിച്ചു. അപ്പോൾ എന്റെ കയ്യിലിരുന്ന ജപമാലയുടെ കുരുക്കളെ ശക്തിയായി അമര്ത്തി, ജപിച്ചുകൊണ്ടിരുന്ന അനുഗ്രഹക്കൊന്തയിലേ നമസ്കാരം ഞാൻ ഉറക്കെ ചൊല്ലുവാൻ തുടങ്ങി. ആദ്യം മുതൽ വഴിയെ ശക്തിയായി പ്രതിരോധിച്ചു് ഞങ്ങളെ ശ്രമങ്ങളിൽ നിന്നും വ്യതിചലിപ്പിക്കുവാൻ സാഹസം ചെയ്ത പ്രകൃതി ഒടുവിൻ അപജയയായി. ദൈവാനുകൂല്യത്താൽ അപകടമൊന്നും കൂടാതെ വള്ളം പൂവത്തു് ഒരു കടവിൽ അടുത്തു.

വഴിയിൽ കൂടി ശക്തിയായി പാഞ്ഞുകൊണ്ടിരുന്ന വെള്ളച്ചാലിനെതിരേ നടന്നു് ഞങ്ങൾ കുറച്ചുദൂരം പോയപ്പോൾ എന്റെ വഴികാട്ടി അല്പം ദൂരെ ഒരു ചെറുകുടിൽ ചൂണ്ടിക്കാണിച്ച് 'അതാണു് വീട്'' എന്നു പറഞ്ഞു. ഓലനിരയുടെ വിള്ളലുകളിൽകൂടി ബഹിർഗമനംചെയ്യു പ്രകാശം അകത്തു വിളക്കു കത്തിക്കൊണ്ടിരിക്കുന്നുണ്ടെന്നു മനസ്സിലാക്കി. അവിടെ എത്തിയപ്പോൾ മുൻപേ നടന്നുകൊണ്ടിരുന്ന ആൾ കതകിൽ മുട്ടി ആരുടെയോ പേർ വിളിച്ചു. മറുപടി കിട്ടുന്നതിനു ലേശവും ക്ഷമ പ്രദർശിപ്പിക്കാതെ ഉടൻതന്നെ അതു തട്ടിത്തുറന്നു് അയാൾ അകത്തു പ്രവേശിച്ചു. ഞാനും അയാളെ അനുഗമിച്ചു. ഒളിച്ചുകളിക്കുന്ന ഒരു ചെറുബാലനെപ്പോലെ ഒരു പഴയ മണ്ണെണ്ണവിളക്കു ആ മുറിയുടെ ഒരു കോണിൽ കത്തിക്കൊണ്ടിരുന്നു. ആ ദീപത്തിന്റെ ദയനീയ നൃത്തത്തിൽ മുറിക്കകത്തുള്ളവ എല്ലാം കാണുവാൻ പ്രയാസമായിരുന്നു. എന്റെ അടുത്തുതന്നെ രണ്ടുമൂന്നു മനുഷ്യരൂപങ്ങൾ തങ്ങളുടെ നഗ്നതയെ കഷ്ടിച്ചു മറച്ചുകൊണ്ടു് നിദ്രാലോകത്തിൽ വിഹരിക്കുന്നു. ഒരാളുടെ കൂർക്കംവലി പുറത്തുനിന്നുപോലും കേൾക്കാമായിരുന്നു. ചീഞ്ഞ മത്സ്യത്തിന്റെയും ദുർമ്മലത്തിന്റെയും ദുർഗ്ഗന്ധം വായുവിൽ തിങ്ങി ആ കുടിലിനകത്തെ ശ്വാസോച്ഛ്വാസംതന്നെ അപകടകരമാക്കിത്തീർത്തു. ആ മുറിയുടെ മറെറാരു കോണിൽനിന്നും എന്തോ പുകഞ്ഞുകൊണ്ടിരുന്നു. അതിനടുത്തിരുന്നു് സാവധാനത്തിൽ വിങ്ങിക്കരഞ്ഞുകൊണ്ടിരുന്ന ഒരു സ്ത്രീ തല ഉയർത്തി എന്നെ ആപാദചൂഡം പരിശോധിക്കുന്നതു ഞാൻ കാണാതിരുന്നില്ല. സമീപത്തുനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന ഞരക്കം ശ്രവിച്ചപ്പോൾ ഞാൻ തിരഞ്ഞുവന്ന ആളിനെ നിഷ്പ്രയാസം മനസ്സിലാക്കുവാൻ കഴിഞ്ഞു. എന്റെ വിളക്കു പ്രകാശിപ്പിച്ചുകൊണ്ടു ഞാൻ രോഗിയെ സമീപിച്ചു. അപ്പോഴേക്കും ആഗതരിൽ ഒരുവൻ ഉറങ്ങിക്കിടന്നവരെ ഓരോരുത്തരെയായി വിളച്ചെണീപ്പിക്കുവാൻ ബദ്ധപ്പെട്ടുതുടങ്ങി.

രോഗക്ലേശത്താൽ മെലിഞ്ഞു് അവശനായി വൃത്തിഹീനമായ ഒരു പായിൽ ബോധരഹിതനായി ശയിച്ചിരുന്ന ഗോപുവിനെ ദർശിച്ചപ്പോൾ എനിക്കു അത്യധികമായ മനഃക്ലേശമുണ്ടായി. കുറച്ചുസമയം പായിൽ നിശ്ചലനായിക്കിടക്കും. പിന്നീടു ദുസ്സഹമായ വേദനയാലെന്നപോലെ ഉരുളുകയും ഞരങ്ങുകയും ചെയ്യും. ചിലസമയം അസ്പഷ്ടമായി എന്തോ ശബ്ദിക്കും. ഇങ്ങിനെയാണ് ഒരാഴ്ച കഴിച്ചതെന്നു് അടുത്തുനിന്ന ഒരാൾ പറഞ്ഞു. ഗോപു ശക്തിയായി പായുടെ ഒരു വശത്തേക്കു മറിഞ്ഞു. പെട്ടെന്നു ചിലർ വന്നു് അങ്ങനെ വീണ്ടും ചെയ്യാതിരിക്കുന്നതിനു രോഗിയുടെ കൈകാലുകൾ പിടിച്ചു. അനന്തരം അവൻ 'അമ്മേ' എന്നു വിളിച്ചു. 'എന്നാ കുഞ്ഞേ' എന്നു പറഞ്ഞുകൊണ്ടു് അടുത്തിരുന്ന സ്ത്രീ രോഗിയോടു കുറെക്കൂടെ ചേർന്നിരുന്നു. മൂന്നു നാലു മിനിററുനേരത്തേക്കു എല്ലാവരും നിശ്ശബ്ദരായിരുന്നു. വൈദ്യുതശക്തി ഏററപോലെ പൊട്ടുന്നനവേ ഒരു സംഭ്രമം പ്രദർശിപ്പിച്ച് ബാലൻ 'അമ്മേ എനിക്കു സാർ സാറിനെ കാണണം' എന്നു വീണ്ടും പറഞ്ഞു. എന്റെ കണ്ണുകളിൽനിന്നും രണ്ടു ബാഷ്പകണങ്ങൾ കൈകളിൽ വീണു. സാവധാനത്തിൽ ഗോപുവിന്റെ വലതുകരം എന്റെ ഇരുകരങ്ങളിലും വാത്സല്യത്തോടെ ചേർത്ത് സാവധാനത്തിലും വളരേ സ്പഷ്ടമായും 'ഗോപു' എന്നു വിളിച്ചു. രണ്ടാമതും വിളിച്ചപ്പോൾ രോഗി കണ്ണുകൾ തുറന്നു് എന്നെ തുറിച്ചുനോക്കി. "ഗോപു എന്നെ അറിയുകയില്ലേ" എന്നു ഞാൻ ചോദിച്ചു. എന്റെ കൈകളിൽ വിശ്രമിച്ചിരുന്ന ആ ശോഷിച്ച വലതുകരത്തിൽ ബലം പ്രവേശിച്ചതുപോലെ കാണപ്പെട്ടു. രോഗിയുടെ മുഖത്തു ഒരു മന്ദഹാസത്തിന്റെ ശ്രമങ്ങൾ ഞാൻ സ്പഷ്ടമായിക്കണ്ടു. "സാർ, ഉ- ഉണ്ണിയീശോ വരുമോ?" എന്നു് ആ ബാലൻ ദയനീയസ്വരത്തിൽ ചോദിച്ചു. ഞാൻ "തീർച്ചയായും വരും. ഗോപുവിനു മാമ്മോദീസാ മുങ്ങണ്ടയോ?" ഗോപു എന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു് മൂന്നാ

ല്പ മിനിട്ടുസമയം കിടന്നു. പിന്നീടു "മാമ്മോദീസാ" എന്നുമാത്രം ശബ്ദിച്ചു. മാൎവ്വിടത്തിൽ നിക്ഷിപ്തങ്ങളായിരിക്കുന്ന എല്ലുകളുടെ എണ്ണത്തേയും വണ്ണത്തേയും വ്യാഖ്യാനിക്കുന്ന വിധത്തിൽ രോഗി കഠിനശക്തിയോടെ ശ്വാസം വലിച്ചുതുടങ്ങി. മാതാപിതാക്കന്മാർ നിസ്സാരങ്ങളായ ചില പ്രതിബന്ധങ്ങൾ പറഞ്ഞുവെങ്കിലും ഒടുവിൽ രോഗിക്കു മാമ്മോദീസാ കൊടുക്കുന്നതിനു അവർ സമ്മതിച്ചു. ജ്ഞാനസ്നാന സ്വീകരണഘട്ടത്തിൽ ഗോപുവിന്റെ ഒരു കരം എന്തോ തിരയുന്നതുപോലെ ചലിച്ചു. "അവന്റെ പടത്തിനായിരിക്കും" എന്നു പറഞ്ഞുകൊണ്ടു് അടുത്തിരുന്നിരുന്നസ്ത്രീ പായുടെ ഉള്ളിൽനിന്നും ഒരു ചെറിയ പടം വലിച്ചെടുത്തു ഗോപുവിന്റെ കയ്യിൽ വച്ചു. വളരെ മുഷിഞ്ഞു പഴകിയിരുന്ന ആ പ്രിയവസ്തു ഞാൻ സമ്മാനിച്ച പടംതന്നെ ആയിരുന്നു. മാമ്മോദീസാ കൊടുത്തുകഴിഞ്ഞപ്പോൾ മാൎവ്വിടം സാവധാനത്തിലും ശക്തിയായും അടിക്കുന്നുണ്ടു്. വായിൽനിന്നും മൂക്കിൽനിന്നും ദുൎഗ്ഗന്ധമായ ജലം നിൎഗ്ഗമിക്കുന്നു. കൈകാലുകളുടെ ചലനം കുറഞ്ഞുതുടങ്ങി. അടുത്തിരുന്ന ചിലർ ഉച്ചത്തിൽ ഏങ്ങലടിച്ചുകരയുവാൻ ആരംഭിച്ചു. ഉമിയും തൊണ്ടുംകരിഞ്ഞു് അടുപ്പിൽനിന്നും ഉയൎന്ന ധൂമച്ചുരുൾ പുറത്തു ഗമിക്കുവാൻ നിൎവ്വാഹമില്ലാതെ ആ മുറിയിൽ തിങ്ങി. മനുഷ്യന്റെയും ലോകത്തിന്റെയും ചാഞ്ചല്യസ്വഭാവത്തെ പരിഹസിച്ചുകൊണ്ടു് രോഗിയുടെ തലയ്ക്കരികിൽ കത്തിക്കൊണ്ടിരുന്ന വിളക്കണഞ്ഞുപോയി. ആ പാവപ്പെട്ട കുടിലിലുണ്ടായിരുന്നവർ ഒന്നായി മുക്തകണ്ഠം നിലവിളിച്ചു. നിൎമ്മലനായ ആ കൊച്ചു യൌസേപ്പ് എന്റെ കരങ്ങളിൽത്തന്നെ അന്ത്യശ്വാസം വിട്ടു.

ഇരുട്ടിൽക്കൂടി ഒരുവിധം വഴി കണ്ടുപിടിച്ചു് ഞാൻ വാതൽതുറന്നു പുറത്തിറങ്ങി. മഴ നിശ്ശേഷം മാറി. ആകാശം പ്രസന്നമായിരിക്കുന്നു, പൂൎവ്വഭാഗത്തു അൎദ്ധചന്ദ്രൻ തെളിഞ്ഞുയൎന്നു കാണാം. സംഖ്യയില്ലാത്ത രത്നങ്ങൾപോലെ അനേകായിരം നക്ഷത്രങ്ങൾ ചന്ദ്രനു ചുറ്റും പുഞ്ചിരി തൂകുന്നതുപോലെ തോന്നി. പക്ഷികൾ വൃക്ഷശാഖകളിലിരുന്നു കീൎത്തനങ്ങൾ പാടുന്നുണ്ടു്. പിറ്റേദിവസം ചങ്ങനാശേരിപ്പള്ളിയിൽ ആഘോഷമായ ഒരു സംസ്കാരകൎമ്മം നടന്നു. അടുത്ത ഞായറാഴ്ച വേദപാഠക്ലാസിൽ ഈശോയുടെ പടം വാങ്ങുവാൻവന്ന ഒരു സക്കേവൂസ്സ് അവിടത്തെ സ്വൎഗ്ഗീയവിരുന്നിനു ക്ഷണിക്കപ്പെട്ട കഥ ഞാൻ വളരെ ഉൽക്ഷോഭത്തോടുകൂടി പറഞ്ഞുകേൾപ്പിച്ചപ്പോൾ ഞാനും കുട്ടികളും ആനന്ദബാഷ്പം ചിന്തുകയുണ്ടായി.

### ൧൲൧൱൨ ധനുമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

"പൌരസ്ത്യസഭകളുടെ പുനരൈക്യം."

കത്തോലിക്കാസഭയുടെ ഐക്യത്തിൽനിന്നു ഭിന്നിച്ചു നില്ക്കുന്ന പല ക്രിസ്തീയസഭാവിഭാഗങ്ങൾ പൌരസ്ത്യദേശങ്ങളിൽ ഇപ്പോഴുമുണ്ടു്. അവയിൽ പലതുംകൊണ്ടും പ്രാധാന്യത്തെ അൎഹിക്കുന്നതു ഒൻപതാം നൂററാണ്ടിൽ സഭാമാതാവിന്റെ മടിയിൽനിന്നു വിട്ടകന്നുപോയ ഗ്രീക്കുശീശ്മയാണു്. ലത്തീൻ സഭയോടുള്ള ഓരോ നിസ്സാരമത്സരങ്ങളിൽ നിന്നുത്ഭവിച്ചു ക്രമേണ വളൎന്നുവന്ന ഈ മത്സരകക്ഷിയേ സഭയോടു സംയോജിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ എല്ലാക്കാലത്തും നടന്നിട്ടുണ്ടു്. ചുരുങ്ങിയ കാലത്തേയ്ക്കുള്ള ചില പുന

ഐക്യങ്ങളും ചിലപ്പോൾ ഉണ്ടായിട്ടുണ്ട്. എങ്കിലും നിർഭാഗ്യവശാൽ അവയൊന്നും നീണ്ടു നില്ക്കുന്നതിന്നിടയായിട്ടില്ല. 15 കോടിയോളം വരുന്ന ഈ വലിയ ജനക്കൂട്ടം ഇടയനില്ലാത്ത ആട്ടു പോലെ ഛിന്നഭിന്നമായി റഷ്യയിലെ ബോൾഷവിക്ക ഗവൎമ്മേൻറിൻെറയും മററും ക്രൂരനുകത്തിൻകീഴു കിടന്നു വലയുകയാണ്. റഷ്യയിലെ സഭാദ്ധ്യക്ഷന്മാരിൽ പലരും മതപീഡനകൾനിമിത്തം അവിടത്തെ സോവിയററു അധികാരികളുടെ ആയുധങ്ങളായിത്തീൎന്നിരിക്കുന്നു. ഈവിധത്തിൽ വിശ്വാസം നാൾക്കുനാൾ ക്ഷയിച്ചു പുനരൈക്യത്തിനുള്ള പ്രതീക്ഷ പോലും അസ്തമിക്കാറാകുന്നതുകണ്ടു 15-ാം ബനദിക്തോസ് മാൎപ്പാപ്പാ ഈ ജനങ്ങളുടെ മാനസാന്തരത്തിന്നായി പല ശ്രമങ്ങൾ ചെയ്തു. മാൎപ്പാപ്പായുടെ അദ്ധ്യക്ഷതയിൽത്തന്നെ പൌരസ്ത്യസഭകളുടെ കാൎയ്യം അന്വേഷിക്കുന്നതിന്നായി റോമയിൽ ഒരു തിരുസംഘം, ഏൎപ്പെടുത്തുകയും പൌരസ്ത്യസഭാപഠനങ്ങൾക്കായി ഒരു പ്രത്യേക കോളജ് സ്ഥാപിക്കുകയും ചെയ്തു. പതിനൊന്നാംപീയൂസ് മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടും ഈവകശ്രമങ്ങൾ ഊൎജ്ജിതമായി തുടൎന്നുകൊണ്ടിരിക്കയാണ്. കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ തിരുമനസ്സുകൊണ്ടു പ്രസിദ്ധീകരിച്ചിട്ടുള്ള "റേരും ഒറിയെന്താലിയും" എന്ന തിരുവെഴുത്തു വഴിയായി ഈ വിഭിന്ന സഹോദരങ്ങളുടെ പുനരൈക്യത്തെ ഉദ്ദേശിച്ചു പല പുതിയ നിൎദ്ദേശങ്ങൾ ചെയ്തിട്ടുണ്ട്. ശിശ്മസഭകളുടെ തെററിദ്ധാരണകൾ നീക്കത്തക്കവണ്ണം അവരേസംബന്ധിച്ച പ്രത്യേകപഠനങ്ങൾ നടത്തി ബിരുദ്ധകൾ വാങ്ങിയശേഷം അവരുടെ ഇടയിൽവേല ചെയ്യാനായി, റോമയിലേ പൌരസ്ത്യകോളജിലേക്കു സമൎത്ഥന്മാരായ വൈദികവിദ്യാൎത്ഥികളെ അയക്കണമെന്നു രൂപതാദ്ധ്യക്ഷന്മാരോടു പരിശുദ്ധ പിതാവുപദേശിക്കുന്നു. തിരുമനസ്സിലെ ശ്രമങ്ങളെല്ലാം സഫലമായിത്തീരുന്നതിന്നു തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിക്കണം.



ജനുവരിമാസം:—"മാൎപ്പാപ്പാ തിരുമനസ്സിലെ നേൎക്കുള്ള ആജ്ഞാനുസരണം."

# ക: കുഞ്ഞുമക്കൾക്കു.

## 1. വി. ലൂയിസ് ഗൊൻസാഗാ.

### 12. മരണാനന്തരം.

പ്രിയ കുഞ്ഞുങ്ങളേ,

ലൂയീസു മരിച്ചശേഷം കുളിപ്പിച്ചു കിടത്തിയിട്ടു രോഗശുശ്രൂഷകനായ സഹോദരൻ പുറത്തേക്കൊന്നിറങ്ങി. തിരിച്ചുവരുമ്പോൾ, അദ്ദേഹത്തിൻെറ സഹായിയായ വേറൊരു തുണസഹോദരൻ ധൃതിയിൽ ലൂയീസിൻെറ ഒരു പല്ലു പറിച്ചെടുക്കുന്നതായിട്ടാണു കണ്ടതു്. "എന്താ സഹോദരാ ഈ പച്ചശരീരത്തോടു ഈ കാണിക്കുന്നതു്?" എന്നു ശാസിച്ചതിനു അയാൾ ഇങ്ങനെയാണു മറുപടി പറഞ്ഞതു്. "പ്രിയ കൂടപ്പിറപ്പേ, ക്ഷമിക്കണം. നാളെ ഈ നേരത്തിനകം ഈ മൃതശരീരമെല്ലാം തിരുശേഷിപ്പുകളായിട്ടു ഓരോരുത്തർ കൊണ്ടുപോകും. അതിനുമുമ്പു ഞാനും വല്ലതും എടുത്തുകെ

ള്ളട്ടെ."വാസ്തവത്തിൽ പിറേറദിവസം സൂര്യോദയംമുതൽ അവിടെയുണ്ടായ ജനപ്രവാഹവും ഭക്തമത്സരവും ചില്ലറയല്ലായിരുന്നു. മംഗലവാർത്തയുടെ ദേവാലയത്തിൽവച്ചു സംസ്കാരകർമ്മത്തിനുള്ള പ്രാർത്ഥനകൾ കഴിഞ്ഞശേഷം തിരുശേഷിപ്പുകൾക്കായുള്ള തിക്കും തിരക്കും അമർത്താൻ കഴിയാതെ ഒടുവിൽ ജനങ്ങളെ ആസകലം പള്ളിയിൽനിന്നു പുറത്തിറക്കി വാതിലുകൾ അടസ്സേണ്ടതായിവന്നു. 'പുണ്യവാൻ മരിച്ചു' എന്നുള്ള സ്വരം റോമാ പട്ടണത്തിലെവിടെയും മുഴങ്ങി. പുണ്യവാൻെറ മാതാവായ ഡോന മർത്തായിക്കു നാനാഭാഗങ്ങളിൽ നിന്നും കിട്ടിയ എഴുത്തുകളിൽ അനുശോചനത്തെക്കാളധികം അനുമോദനമാണു അടങ്ങിയിരുന്നതു്. ആ ഭാഗ്യവതി ജീവിച്ചിരിക്കയിൽത്തന്നെ ൧൬൦൫ ജൂലൈ മാസം ൨൧-ാംനു- ലൂയീസു മരിച്ചിട്ടു് ൧൪ വർഷം കഴിഞ്ഞപ്പോൾ– പുണ്യവാൻെറ തിരുസ്വരൂപം കസ്റ്റീലിയോൻ ദേവാലയത്തിൽ വണക്കത്തിനായി സ്ഥാപിക്കപ്പെട്ടുകയുമുണ്ടായി. യൂറോപ്പിലെല്ലാം, വിശിഷ്യ രാജ അരമനകളിൽ, പുണ്യവാൻെറ നേർക്കുള്ള ഭക്തി നാൾക്കുനാൾ വളൎന്നുവന്നു. പരിശുദ്ധൻെറ മദ്ധ്യസ്ഥതയാൽ അനവധി അത്ഭുതസംഭവങ്ങൾ അടിക്കടി ഉണ്ടായിക്കൊണ്ടിരുന്നു. ൧൬൨൧ ഒക്ടോബർ മാസത്തിൽ അഞ്ചാം പൌലോസു മാർപ്പാപ്പാ ലൂയീസിനെ വാഴ്ത്തപ്പെട്ടവനെന്നു നാമകരണംചെയ്തു. ഒടുവിൽ ൧൭൨൬ ഡിസംബർ ൩൧-ാംനു- ൧൩-ാം ബനദിക്തോസു മാർപ്പാപ്പാ നമ്മുടെ മദ്ധ്യസ്ഥനെ പരിശുദ്ധനെന്നു പ്രഖ്യാപനം ചെയ്തു; ൧൯൨൬ നവംബർമാസത്തിൽ കത്തോലിക്കാ വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥനായി നിയമിക്കയുംചെയ്തു.

പ്രിയ കുഞ്ഞുങ്ങളേ, രാജ അരമനയിലെ സുഖാനുഭോഗങ്ങൾക്കിടയിൽ വളൎന്ന ഒരു ബാലൻ പുണ്യവാനായിത്തീൎന്നതെങ്ങിനെയെന്നു നിങ്ങൾ കണ്ടു. തിരുസഭ നമുക്കു മാതൃകയും മദ്ധ്യസ്ഥനുമായിട്ടു ഈ പരിശുദ്ധനെ നിശ്ചയിച്ചു തന്നിരിക്കുന്നു. ആകയാൽ പാട്ടപോലെ ഈ പുണ്യവാനെ അനുകരിപ്പാൻ നാം ശ്രമിക്കുന്നുവെങ്കിൽ നമ്മുടെ മദ്ധ്യസ്ഥനു ലഭിച്ച ഭാഗ്യം നമുക്കും സിദ്ധിക്കും. അതിനായി ദിവസേന വി. ലൂയീസിനോടു പ്രാർത്ഥിക്കുക.

## II. ഈ മാസത്തെ മദ്ധ്യസ്ഥ.

### കന്യകയും രക്തസാക്ഷിയുമായ വി. ലൂസി.

(തിരുനാൾ ഡിസംബർ 13-നു- വ്യാഴാഴ്ച)

പൂർവ്വകാലത്തിലെ കീർത്തിപെട്ട ഒരു രക്തസാക്ഷിണിയായ ഈ കന്യകയുടെ മാതാവു വി. അഗത്താ പുണ്യവതിയുടെ സഹായത്താൽ ഒരു അസാദ്ധ്യരോഗത്തിൽ നിന്നു സുഖം പ്രാപിച്ചു. അതിൻെറ ഉപകാരസ്മരണയ്ക്കായി അവർ തങ്ങളുടെ സ്വത്തുക്കളെല്ലാം അഗതികൾക്കു കൊടുത്തുകൊണ്ടു മ്ശിഹായുടെ സ്നേഹത്തിനു വേണ്ടി ജീവിതം കഴിച്ചുവന്നു. അപ്പോഴാണു ലൂസിയായെ വിവാഹം കഴിപ്പാൻ അഗ്രഹിച്ചിരുന്ന ഒരു യുവാവു ഇവർ ക്രിസ്ത്യാനികളാണെന്നു വേദവിരോധികൾക്കു അറിവുകൊടുത്തതു. കർത്താവിൻെറ സ്നേഹത്തേക്കുറിച്ചു ഭയങ്കരപീഡകളെല്ലാം ക്ഷമയോടേ സഹിച്ചശേഷം കടശി പുണ്യവതി ശത്രുക്കളുടെ വാളിനിരയായി രക്തസാക്ഷി മകുടം പ്രാപിച്ചു. പാപത്താൽ കർത്താവിനെ ഉപദ്രവിക്കുന്നതിനെക്കാൾ മരിക്കുന്നതിനുള്ള മനോഗുണം വി. ലൂസിയായോടു പ്രാർത്ഥിക്കുക.

## III. കെ. സി. സി. എ. ഡയറി.

പത്തുപന്ത്രണ്ടു സ്ഥലങ്ങളിലെ വാർഷികയോഗങ്ങളുടെ റിപ്പോർട്ടു കഴിഞ്ഞമാസത്തിൽ കിട്ടിയിട്ടുണ്ടു്. മൊൺസിഞ്ഞോർ ആൻറനി പുതുശ്ശേരി



പെത്രന്താനം 265 ാം നമ്പർ കെ. സി. സി. എ. ബാലസംഘം.

അവർകളുടെ അദ്ധ്യക്ഷതയിലും, റവ. ഫാദർ ജോൺ പാലോക്കാരൻ അവർകളുടെ പ്രസംഗത്തോടുകൂടെയും മണലൂർ നടന്ന യോഗം ഈ കൂട്ടത്തിൽ പ്രത്യേകം പ്രസ്താവാർഹമായിരിക്കുന്നു. ഉത്സാഹശീലന്മാരായ സെക്രട്ടറിമാരുള്ള സ്ഥലങ്ങളിലെ കാര്യനടപ്പു ആകെ തെളിഞ്ഞുകാണാം. അങ്ങനെയുള്ളവർ വർദ്ധിച്ചുകാണ്മാൻ കുഞ്ഞുമക്കളുടെ അമ്മ അനുഗ്രഹിക്കട്ടെ.

* * *

പിറവിത്തിരുനാൾ അടുത്തുവരുന്നു. ഉണ്ണിമിശിഹായ്ക്കുള്ള മുടി ഇക്കൊല്ലവും തയ്യാറാക്കണ്ടയോ? നവംബർ 30-ാം നു- വെള്ളിയാഴ്ചമുതൽ ദിവസേന നാല്പതു നന്മനിറഞ്ഞ മറിയം ചൊല്ലിക്കൊണ്ടുവന്നാൽ ഡിസംബർ 25—ാംനു- ചൊവ്വാഴ്ച – പിറവിത്തിരുനാളാകുമ്പോഴേയ്ക്കും— ആയിരം നന്മനിറഞ്ഞമറിയം ചേർന്നുള്ള ഒരു മനോഹര കിരീടം തയാറായിരിക്കും. അതിനാൽ മറക്കാതെ ജോലി തുടങ്ങിക്കൊള്ളുക. ദിവസേന ഇതു ചൊല്ലി ആയിരം തികക്കുകയും പിറവി ദിവസം കുമ്പസാരിച്ചു കുർബാന കൈക്കൊള്ളുകയും, ചെയ്യുന്ന കെ. സി. സി. എ. അംഗങ്ങൾ സെക്രട്ടറി മാർവഴി പേർ അറിയിച്ചുതന്നാൽ എല്ലാവരുടെയും പേരു ചീട്ടിയിട്ടെടുത്തു ആൺകുട്ടികൾക്കു രണ്ടും, പെൺകുട്ടികൾക്കും രണ്ടും—സമ്മാനങ്ങൾ വീതം കൊടുക്കാൻ നിശ്ചയിച്ചിട്ടുണ്ട്. മേലാൽ മാസം തോറും ഈ വിധത്തിൽ എന്തെങ്കിലും സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതുമാകുന്നു.

* * *

ഈ മാസത്തിൽ ഡിപ്ലോയിൽ നിന്നും മൂന്നേമുക്കാൽ രൂപാ കിട്ടിയിട്ടുള്ളതുൾപ്പടെ പൊതുഫണ്ടിൽ ഇപ്പോൾ ആകെ $66\frac{3}{4}$ രൂപായുണ്ട്.

* * *

എല്ലാവർക്കും പിറവിത്തിരുനാളിന്റെ സന്തോഷം പറഞ്ഞുകൊള്ളുന്നു. കുഞ്ഞുണ്ണിയുടെ പക്കൽ കൊച്ചച്ചനെയും ഓർക്കണമെ.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

# വർത്തമാനസംഗ്രഹം.

ഏട്ട്നാ അഗ്നിപർവ്വതം പൊട്ടിയതുനിമിത്തം നിരാധാരന്മാരായി തീൎന്നിട്ടുള്ള ജനങ്ങളുടെ സഹായത്തിനായി പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു ഉടനടി ഇരുപത്തയ്യായിരം ലീര അയച്ചുകൊടുത്തിരിക്കുന്നു.

ഇററലിയിൽ സബീനായിലെ മെത്രാനായിരുന്ന കാർഡിനൽ ഗയെത്താനോ ദെലായി 75-ാമത്തെ വയസ്സിൽ കഴിഞ്ഞ മാസത്തിൽ നിൎയ്യാതനായിരിക്കുന്നു. ഇദ്ദേഹം 21 വൎഷം കർദ്ദിനാളായിരുന്നു

കാർഡിനൽ ദെലായിയുടെ മരണത്തോടുകൂടെ ഇററാലിയൻകാരായ കൎദ്ദിനാളന്മാരേക്കാൾ ഇററാലിയൻകാരല്ലാത്തവർ അധികമായിട്ടുണ്ട്. ദുർല്ലഭം അവസരങ്ങളിൽ മാത്രമേ ഇങ്ങനെ സംഭവിച്ചിട്ടുള്ളു എന്നു കാണുന്നു.

ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റൻറുകാരുടെ വകയായി ലണ്ടൻ പട്ടണത്തിൻെറ വടക്കേ ഭാഗത്തു വി. പ്രംസീസ്സോസ് അസീസ്സിയുടെ ഒരു ദേവാലയം പണിയിപ്പാൻ ആലോചിച്ചുവരുന്നതായി ലണ്ടനിലെ യൂണിവേഴ്സ് പത്രം പ്രസ്താവിക്കുന്നു.

അമേരിക്കയിൽ ലോസ്സ് ആഞ്ചെലസിലെ കത്തോലിക്ക യൂണിവേഴ്സിററി വിസ്തീൎണ്ണപ്പെടുത്തുന്നതിലേക്ക അവിടത്തെ ഒരു പ്രോട്ടസ്റ്റൻറു കൎഷകസംഘം നൂറു ഏക്കർ സ്ഥലം സംഭാവന ചെയ്തതായി കാണുന്നു.

ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭയിൽനിന്നു ൧൯൧൩-ൽ കത്തോലിക്കാസഭയിലേക്ക പ്രവേശിച്ച കാൽഡിയിലെ സന്യാസഭവനത്തെ ബനഡിക്ററൻ സഭയുടെ ഒരു വിഭാഗമായി സ്വീകരിച്ചിരിക്കുന്നു. ഇപ്പോൾ അവർ 35 അംഗങ്ങളുണ്ടു്.

റോത്തെസ് പ്രഭു കാൽഡി സന്യാസികൾക്കായി 25 ഏക്കർ സ്ഥലവും ഒരു വിശാലമായ ആശ്രമവും സംഭാവനയായി നൽകിയിരിക്കുന്നതിനാൽ ഈ മാസം മുതൽ അവർ കാൽഡിദ്വീപിൽനിന്നു മാറി താമസിക്കുന്നതാണ്.

ഇൻഡ്യയിൽ പുതുതായി ആരംഭിച്ചിരിക്കുന്ന ബല്ലാരി മിസ്സം ഇംഗ്ലീഷ് കപ്പൂച്ചീൻ സഭക്കാരെ ഏല്പിക്കുന്നതാണെന്നു ദലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു വിജ്ഞാപനംചെയ്തിരിക്കുന്നു.

ജോർജ്ജു ചക്രവൎത്തി തിരുമനസ്സിലേക്കു പിടിപെട്ടിരിക്കുന്ന ആലസ്യം അല്പം കൂടുതലാണെന്നറിയുന്നു. ആഫ്രിക്കയിൽ സഞ്ചരിച്ചുവരുന്ന വെയിൽസ്സ രാജകുമാരനെ അടിയന്തിരത്തിൽ വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.

ക്ഷുദ്രപ്രസിദ്ധീകരണങ്ങളെ തടയുന്നതിന്നായി അയർലണ്ടിൽ പാസ്സാക്കാനുദ്ദേശിക്കുന്ന ബില്ല രണ്ടാമത്തെ വായനയിലും പാസ്സായിരിക്കുന്നു. കത്തോലിക്കരുടെ അനാവശ്യശ്രമങ്ങളാണിതെല്ലാമെന്നു പ്രോട്ടസ്റ്റൻറുകാർ ഇതേപ്പററി ആക്ഷേപിച്ചുവരുന്നതായി കാണുന്നു.

ആസ്ത്രേലിയായിലെ ദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിക്കുന്നതിനു പോയിരുന്ന നി. വ. ദിവ്യശ്രീ ചൂളപ്പറമ്പിൽ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു നവംബർ ഇരുപത്താറാം തീയതി തിങ്കളാഴ്ചരാവിലെ കോട്ടയത്തു മടങ്ങിയെത്തിയിരിക്കുന്നു.

സ്ഥാനസന്ദൎശനാൎത്ഥം പുറപ്പെട്ടിരിക്കുന്ന നി. വ. ദിവ്യശ്രീ കാളാച്ചേരിൽ മാർ യാക്കോബു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു നവംബർ 27-ാംനു- അതിരമ്പുഴ പള്ളിയിലെത്തിയിരിക്കുന്നു. ഡിസംബർ 1-ാംനു- ശനിയാഴ്ച തിരുമേനി മാന്നാനം ആശ്രമം സന്ദൎശിക്കുന്നതാണ്.

പരേതനായ ശ്രീനാരായണഗുരുവിൻെറ വസ്തുക്കൾ തങ്ങൾക്കു വിട്ടുകിട്ടുന്നതിന്നെ സംബന്ധിച്ച് എസ്. എൻ. ഡി പി. യോഗക്കാർ ശിവഗിരി മഠത്തിലെ ഗോവിന്ദാനന്ദ സ്വാമിയേയും മററും പ്രതിചേൎത്തു സിവിലായും ക്രിമിനലായും ഓരോ കേസ്സുകൾ കൊടുത്തിരിക്കുന്നു.

# കർമ്മലകുസുമം.

## ഇരുപത്താറാം പുസ്തകം.

# വിഷയാനുക്രമണിക.


പേജ്.

അകത്തോലിക്കരുടെ വാദരീതി. (ശ്രീമാൻ സി. അന്തപ്പായി ബി. എ.) 230
അദ്ദേഹം ഒരു പട്ടക്കാരൻ ആയിരുന്നു. (ശ്രീമാൻ ചാക്കൊ വള്ളോന്തറ 36
അക്രോസി– ഒരു കഥ. (ഒരു വൈദികൻ.) 88I, 113
അപ്പസ്തോലന്മാരുടെ അന്ത്യം. (റവ. ഫാദർ തോമ്മസ് മുഞ്ഞേലി.) 103
അന്ത്യലേപനം. (റവ. ഫാദർ തോമ്മസ്. കളം.) .5, 83, 107
അതിനുള്ള കാരണം. (റവ. ഫാദർ സൈമൺ സി. ഡി.) 180
അത്ഭുതകരമായ പള്ളിക്കൂദാശ. (റവ. ഫാദർ എജീദിയൂസ്. സി. ഡി.) 229
അവക്കു വീഞ്ഞില്ല. (റവ. തോമസ് പോൾ, മണക്കാട്ട്.) 274
ആർസിലെ വികാരിയുടെ വേദപാഠക്ലാസ്സ്. (റവ. പോൾ വടക്കാഞ്ചേരി.)
16, 37, 56, 112, 186, 208, 255.
ആശീർവ്വാദലേഖനം. (നി. വ. ദി. ശ്രീ. കാളാശ്ശേരിൽ മാർ
യാക്കോബ്ബ്‌മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്.) 3
ആംഗ്ലിക്കൻസഭയുടെ മേലധികാരി. (റവ. ജോസഫ് പഞ്ഞിക്കാരൻ
എം. ഏ, പി എച്ച്. ഡി., ഡി. ഡി, ഡി. സി. എൽ.) 173
ഇടയലേഖനം. (നി. വ. ദി. ശ്രീ. കാളാശ്ശേരിൽ മാർ യാക്കോബ്ബ്
മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്.) 53
ഇടത്തുട്ടുകൾ കത്തോലിക്കാസഭയല്ല. (റവ. ഫാദർ റൊമേയോ തോമ്മസ്
സി ഡി. ബി. എ. ഓണേഴ്സ്. എൽ. ടി.) 84
ഈശോസഭയുടെ സ്ഥാപകൻ. (റവ. ജോൺ കിഴക്കേത്തയ്യിൽ എസ്. ജെ. 157
ഉണ്ണിയീശോ വരുമോ? (ഒരു സംഭവകഥ.) ഒരു ബി. എ. വിദ്യാർത്ഥി 275
ഉത്ഥാന കീർത്തനം. (ശ്രീമാൻ എ. റററി. ദേവസ്സി എങ്ങണ്ടിയൂർ.) 75
'എൻ പനഥാവു് ശരിയായതാകുന്നു.' (പദ്യം)
(ശ്രീമാൻഎ. റററി. ദേവസ്സി. എങ്ങണ്ടിയൂർ.) 225
എളിമയുടെ ദിവ്യമാതൃക. (ശ്രീമാൻ ഇഗ്നേഷ്യസ, വെള്ളരിങ്ങാട്ടു.) 271
ഏഴ വ്യാകുലങ്ങൾ. (റവ. ഫാദർ ഹില്ലാരിയോൻ. സി. ഡി.) 207
ഒരു ദയനീയമായ ചിത്രം. (പദ്യം) ശ്രീമാൻ കെ. റററി. ലോനപ്പൻ. 248
കത്തോലിക്കാസഭയും,വി.കുർബാനയും. (ക നി. മൂ. സ. ബ. അപ്രേംപട്ടക്കാരൻ.) 80
കത്തോലിക്കാ വാർത്താവിതരണസംഘം. "നസ്രാണിദീപിക." 40
കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. (സ്വന്തം കൊച്ചച്ചൻ.) 20, 42, 67, 92
I10, I38, 164, I88, 212, 235, 259, 281.
കർമ്മലനാഥയുടെ കീർത്തനം. (വിദ്വാൻ സി.എം. സെബാസ്റ്റ്യൻ അതിരമ്പുഴ.) 147
കുരിശിൻ ചുവട്ടിൽ. പദ്യം. (മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.) 200
കേരളത്തിലെ നവീകൃതസുറിയാനിക്കാർ. (ശ്രീമാൻ കെ. ഇ. ജോബ്.
എം. എ. എൽ. റററി.) 108, I35.
കേരളീയ കത്തോലിക്കസംഘം. (വെറി.റവ.ഫാദർജേക്കബ് നടുവത്തുശ്ശേരി.) 109
ക്രീസ്തുവിന്റെ കാലത്തു യൂദയാ രാജ്യത്തിന്റെ സ്ഥിതി. (ശ്രീമാൻ
മഴുനാട്ടു ഏ. ജോൺ. ബി. എ.) 204
ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ (റവ. ഫാദർ തോമ്മസ്. മുഞ്ഞേലി.) 223

ക്രിസ്തുരാജകീർത്തനം. (ദിവ്യശ്രീ വടക്കയിൽ മത്തായിക്കത്തനാർ.) 219
ക്രിസ്തുമസ്സ് സന്ദേശം. (മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.) 273
കാവൽമാലാഖായുടെ സൂക്ഷം. (റവ. ഫാദർ മർസ്സലിൻ, സി. ഡി.) 228
ചെങ്കടലിലെ സ്മരണകൾ. (റവ. ഫാദർ പ്ലാസിഡ്. സി. ഡി.) 231
ചോദ്യപ്പെട്ടി (എറണാകുളം മിസ്സം.) 210
ജപമാലഭക്തി. 222
ജപമാലയെപ്പററി. 134
ജന്മോദ്ദേശം. (റവ. ജോൺ. കിഴക്കേത്തയ്യിൽ എസ്. ജെ.) 178
തിരുഹൃദയകീർത്തനം. (ശ്രീമാൻ. ററി. വി. അഗസ്റ്റീൻ ഫെർനാൻഡസ്.) 124
തിരുഹൃദയപൊതുനിയോഗം. 19, 41, 66, 91, 115, 137, 163, 187, 211, 232, 258, 280.
ദനഹാതിരുനാൾ. (റവ. ഫാദർ സൈമൺ സി ഡി.) 8
ദിവ്യകാരുണ്യസമ്മേളനമദ്ധ്യസ്ഥൻ. (റവ. ഫാദർ അഗസ്റ്റീൻ നടയം.) 10
ദിവ്യരക്ഷകൻെറ രക്തവിയർപ്പ്. (പാന) ക. നി. മൂ. സ. മാണിക്കത്തനാർ. 33
ദിവ്യപൂജ കാണുമ്പോൾ. (ക. നി മൂ. സ അപ്രേം പട്ടക്കാരൻ.) 175
ദിവ്യകാരുണ്യക്കൊന്ത. (ദിവ്യശ്രീ പുറക്കരിയിൽ തോമ്മാക്കത്തനാർ.) 203
ദൈവമാതാവും യാക്കോബായവിശ്വാസവും. (റവ. ഫാദർ പ്ലാസിഡ് സി. ഡി.) 104, 132, 149, 181.
നമ്മുടെ കർത്താവീശോമിശിഹായുടെ തിരുമുഖം. (വെറി റവ. ഫാദർ അലക്ക്സാണ്ടർ സി. ഡി.) 125
നാല്പതുമണിയാരാധന. (റവ. ഫാദർ വില്യം സി ഡി എം. എ. എൽ. ററി) 101
നേരം പാഴാക്കിയില്ല. (റവ. സക്കറിയാസ് പൂവത്തുങ്കൽ.) 152
പഞ്ചാംഗം. 25, 49, 72 96, 119, 144, 168, 192, 216, 240, 264, 265
വ. വ്യാകുലമാതാവ് — പദ്യം (ശ്രീമതി മേരി ജോൺ തോട്ടം.) 61
പാപത്തിൽനിന്നും മരണത്തിലേക്ക്. (ചെറുപുഷ്പദാസ്.) 110
പരിശുദ്ധ ത്രിത്വത്തിൻെറ രഹസ്യം. (റൈററ് റവ മൊൺസിഞ്ഞോർ അൻറണി പുതിശ്ശേരി.) 128
പുതിയ പ്രസിദ്ധീകരണങ്ങൾ. 21, 44, 69, 141, 237, 261.
പുറജാതിക്കാരുടെ അപ്പസ്തോലൻ (ശ്രീമാൻ എൽ. സി. ഐസക്ക് ബി. എ.) 78
പൗരസ്ത്യസഭകളുടെ പുനരൈക്യം. (ശ്രീമാൻ എൽ. സി. ഐസക്ക് ബി. എ) 250
പ്രോപ്പഗാന്ത കോളജിൻെറ ശിലാസ്ഥാപനം. (റവ. ഫാദർ സിറിയക്ക് കാപ്പിൽ പി. എച്ച്. ഡി.) 154
ബനീഞ്ഞാ കൊൺസൊലാത്താ (വെറി റവ. ഫാദർ ഗാബ്രിയേൽ സി. ഡി.) 34
മതവൈരികൾ. (വെറി റവ. ഫാദർ അലക്ക്സാണ്ടർ സി. ഡി.) 4
മനോഗുണവിവരങ്ങൾ, ചരമവാർത്തകൾ. 23, 46, 71, 95, 118, 143, 167, 191, 215, 239, 263, 288
മനോഗുണത്തിൻെറ നൊവേന. (റവ. ഫാദർ വില്യം സി. ഡി. എം. എ എൽ. ററി.) 59
മരണത്തിനു നൽകിയ ശിക്ഷ. (ശ്രീമാൻ ചാക്കോ വള്ളോത്തറ) 184
മാർപ്പാപ്പ മംഗളം (ശ്രീമാൻ എ ററി ദേവസ്സി.) 27
മാർ യൌസേപ്പുപിതാവിനോടുള്ള ഭക്തി. 63
മാർ യൌസേപ്പ കീർത്തനം (ശ്രീമാൻ കെ. ഐ പോൾ.) 51
മി. ഡാനിയേലിൻെറ കൃത്രിമങ്ങൾ. "നസ്രാണിദീപിക." 161
മിശിഹായുടെ പാനം. (റൈററ് റവ. മൊൺ. അൻറണി പുതിശ്ശേരി.) 29, 56
മെക്സിക്കോയിലെ അനുകൂലഭാവം. (ശ്രീമാൻ എൽ സി. ഐസക്ക് ബി. എ) 159

മേരീസുവപഞ്ചകം. (ശ്രീമാൻ ഏ. ററി. ദേവസ്സി. ഏങ്ങണ്ടിയൂർ.) 106
മേരീവിലാപശതകം. (ശ്രീമാൻ പ്രവിത്താനം പി. എം. ദേവസ്യാ.) 82, 130, 153
മേ മാസകീർത്തനം. (ശ്രീമാൻ വി. എക്സ്. ചെറിയാൻ ) 99
മെത്രാഭിഷേകകർമ്മം (റവ. ഫാദർ വില്യം സി ഡി എം ഏ. എൽ. ററി,) 12
മൂന്നു രാജാക്കളുടെ വരവ് (പദ്യം)
(മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.) 6
യഥാർത്ഥ മതൈക്യം. (വെറി റവ. ഫാദർ അലക്സാണ്ടർ സി. ഡി.
ബി. ഡി. എൽ. ററി.) 77
രക്ഷനാഥൻെറ പിറവിത്തിരുനാൾ. (റൈററ് റവ. മോൺ.
ആൻറണി, പുതുശ്ശേരി.) 270
രാജകീയ ദൃഷ്ടാന്തം. (റവ. ഫാദർ എജീദിയൂസ് സി. ഡി.) 272
രാജാവിൻെറ ചെന്നാക്കുട്ടി. (ശ്രീമാൻ തോമ്മസ് ചാണ്ടി മുക്കാടൻ.) 257
ലൂർദിലെ സ്മരണകൾ. (റവ. ഫാദർ സിറിയക്ക കാപ്പിൽ പി. എച്ച്. ഡി ) 246
ലോകമാതാ (പദ്യം) (ശ്രീമതി മേരി ജോൺ തോട്ടം.) 178
വർത്തമാനസംഗ്രഹം 23, 47, 69, 94, 117, 142, 166, 190, 212, 238, 262, 284
വി അന്നാമ്മ 155
വി. അന്തോനീസിൻെറ നഗരം. (റവ. ഫാദർ സിറിയക്ക് കാപ്പിൽ
പി. എച്ച്. ഡി.) 197
വി. അമ്മത്രേസ്യായുടെ ശങ്ക്. (റവ. ഫാദർ ലോറൻസ് സി. ഡി.) 228
വി. ഫിലോമേനാ. (ബ്രദർ തോമ്മസ്.) 252
വേദപുസ്തകപാരായണം. (വെറി. റവ. ഫാദർ അലക്സാണ്ടർ
സി. ഡി. ബി. ഡി. എൽ. ററി. 221, 245
വേദപാരംഗതനായ വി. യോഹന്നാൻക്രൂസ്. (റവ. ഫാദർ വില്യം
സി. ഡി. എം. ഏ. എൽ ററി.) 249
വ്യാകുലഭരിതമാക്കുള്ള വരങ്ങൾ. (റവ. ഫാദർ അലോഷ്യസ് സി. ഡി.) 189
വ്യാകുലകീർത്തനം. (ക. നി മൂ സ. മാണിക്കത്തനാർ.) 195
ശുദ്ധീകരണസ്ഥലം. (ശ്രീമാൻ ഏ. ജോൺ. മയ്യനാട്ട് ബി. ഏ.) 31
ശുദ്ധീകരകീർത്തനം. (റവ. ജോസഫ് മാവുങ്കൽ.) 243
സാലേസ് പുണ്യവാൻെറ മരിയ ഭക്തി. 135
സിഡ്നി ദിവ്യകാരുണ്യസഭ. (റവ. ഫാദർ സൈമൺ സി. ഡി.) 251
സൗഭാഗ്യലാഭം. (റവ. ഫാദർ മാത്യു വരിക്കയിൽ പി എച്ച്. ഡി,
ഡി. ഡി. ബി. സി. എൽ.) 226
സ്വർഗ്ഗനായികാകീർത്തനം. 17
സ്ലീവാപ്പാതയുടെ ചരിത്രം. (റവ. ഫാദർ തോമ്മസ് മൂഞ്ഞേലി.) 62

---

## ചരമ വാർത്ത.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കു വേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

കല്ലൂർക്കാട്ടുപള്ളിയിടവക കോയിപ്പള്ളിലായ കല്ലുപ്പറമ്പിൽ പീലിപ്പോസ്. ഒക്ടോബർ 1 —ാംനു- 64 വയസ്സു.

തിടനാട്ടുപള്ളിയിടവക ആലാനിക്കൽ തൊമ്മൻ അവർകളുടെ ഭാര്യ ശ്രീമതി മറിയാമ്മ ഒക്ടോബർ 22-ാംനു- 44 വയസ്സു.

തത്തമ്പള്ളിയിടവക തൈപ്പറമ്പുവീട്ടിൽ ചാക്കോ വറുഗീസ് നവംബർ 9—ാംനു- 63 വയസ്സു.

പ്ലാശനാൽപ്പള്ളിയിടവക കാരിമററത്തിൽ ബ. ദേവസ്യാച്ചനവർകളുടെ പിതൃവ്യനും ഡോക്ടർ ടി. എം. ജോസഫ് എൽ. എം. എസ്. അവർകളുടെ പിതാമഹനുമായ താളനാനിക്കൽ കൊച്ചയിപ്പു അവർകൾ നവംബർ 15—ാംനു- 92 വയസ്സു.

# മനോഗുണ വിവരങ്ങൾ.

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന്നു ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം.

കൊച്ചുത്രേസ്യാ പുണ്യവതിയുടെയും മാർ യൌസേപ്പു പുണ്യവാൻെറയും സഹായത്താൽ ഞങ്ങളുടെ അപേക്ഷ സാധിച്ചുകിട്ടിയതിനുപകാരസ്മരണ.

ജോർജ്ജ് ജോസഫ് മൂവാററുപുഴ.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ 1928-ലെ സ്കൂൾലീവിംഗ് പരീക്ഷയിൽ വിജയിയായതിനുപകാരസ്മരണ.

എം.ററി. എം. പാലാ.

കുഞ്ഞുമക്കളും കുസുമവായനക്കാരും അപേക്ഷിച്ചപ്രകാരം എൻെറ ആഗ്രഹം സാധിച്ചുകിട്ടിയതിന്നു നന്ദി പറയുന്നു. ഇനിയും വി. അന്തോനീസിനോടും ചെറുപുഷ്പത്തോടും അപേക്ഷിച്ച് ഒരു സംഗതികൂടെ സാധിച്ചുതരുവാനപേക്ഷ.

വി വി. പെറെയിരാ സിലോൺ

വി അന്തോനീസിൻെറ സഹായത്താൽ എനിക്കു ജോലി കിട്ടിയതിനും, ഞാൻ വിചാരിച്ച ചില പ്രത്യേകകാര്യങ്ങൾ സാധിച്ചതിനും നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ ഫെർണാണ്ടസ് എഫ്. എം. എസ്.

വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കുസുമംവഴി ഉപകാരസ്മരണ ചെയ്യുന്നു.

പി. ജെ. സി.

ഒരു പ്രത്യേകാപേക്ഷ ചെറുപുഷ്പമദ്ധ്യസ്ഥതാൽ സാധിച്ചതിനു ഉപകാരസ്മരണ.

ടി. വി. കോഴഞ്ചേരി.

തിരുക്കുടുംബത്തിൻെറയും വി. കൊച്ചുത്രേസ്യായുടേയും സഹായത്താൽ എൻെറ പ്രസവം സുഖമായി കഴിഞ്ഞതിന്.

വി. വി. ളയം കൊല്ലം.

കാണാതെ പോയ ഒരു സാധനം കണ്ടുകിട്ടിയതിനുപകാരസ്മരണ.

വി. കെ. ജോൺ വൈക്കം.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ സർവ്വേപരീക്ഷയിൽ വിജയം പ്രാപിച്ചതു നേർച്ചപ്രകാരം കുസുമത്തിൽ പ്രസിദ്ധം ചെയ്തുകൊള്ളുന്നു. ടി. വി. വൈക്കം.

പരിശുദ്ധ കന്യക മറിയത്തിൻെറയും, ഈശോയുടെ ചെറുപുഷ്പത്തിൻെറയും സഹായത്താൽ എൻെറ ഭാര്യയുടെ പ്രസവം സുഖമായിക്കഴിഞ്ഞതിന്.

ജീ. വി. എം. മുണ്ടക്കയൽ.

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താൽ എൻെറ ഭാര്യയുടെ കഴിഞ്ഞ രണ്ടു പ്രസവങ്ങൾ പൂർവ്വാധികം സുഖകരമായി അവസാനിച്ചതിന് ഉപകാരസ്മരണയായി രണ്ടു രൂപാ അയക്കുന്നു.

ടി. ജെ. വാദ്ധ്യാർ കുന്നാടി.

മൂന്നുമുറിപള്ളിയിലെ വി. യോഹന്നാൻ മാംദാനായുടെയും, കോട്ടയ്ക്കാട്ടുപള്ളിയിലെ കരേററമാതാവിൻെറയും, മണലൂരു പള്ളിയിലെ വി. അന്തോനീസിൻെറയും മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

അ. ലോ. ക. കഴിക്കാട്ടുശേരി.

പുല്ലങ്ങാടിപ്പള്ളിയിലെ തിരുക്കുടുംബത്തിൻെറ പ്രത്യേക സഹായത്താൽ എൻെറ സുഖക്കേടു നീങ്ങിയതിനു കുസുമംവഴി നന്ദിപ്രദർശിപ്പിക്കുന്നു. വി. ജെ. ത്രേസ്യാ ചിറയിൽവീട്.

ഈശോയുടെ തിരുഹൃദയത്തിൻെറയും, വി. കൊച്ചുത്രേസ്യായുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന്.

പി. സി. മത്തായി ഇത്തിത്താനം.

ഈശോയുടെ തിരുഹൃദയത്തിൻെറ അനുഗ്രഹത്താലും വി. അന്തോനീസുപുണ്യവാൻെറയും കൊച്ചുത്രേസ്യായുടെയും മാദ്ധ്യസ്ഥത്താലും സർവ്വത്ര അപകടത്തിലായ നാലായിരത്തിനാനൂററിഷ്ടില്പംനം രൂപായുടെ സിവിൽകേസ് അനുകൂലമായി വിധിയുണ്ടായതിന് ഉപകാരസ്മരണയും, പണം വേഗം കിട്ടുന്നതിനു അപേക്ഷയും. ഹാ. ജോ. തയ്യിൽ പാലാ.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എൻെറ വയററിൽവേദന ആശ്വാസമായതിനുപകാരസ്മരണ. ടി. ടി. ജി. തൃശ്ശൂർ.

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താൽ എൻെറ ഭാര്യയുടെ പ്രസവം അപകടംകൂടാതെ കഴിഞ്ഞതിനും, എൻെറ കണ്ണിൽ സുഖക്കേടു നീങ്ങിയതിനും ഉപകാരസ്മരണ.

വി. എം. വെളിയനാട്.

Printed and Published for the Proprietor by P. K. Joseph at the St. Joseph's Press, Mannanam, 1928.

KARMALA KUSUMAM 1927-28
C15 1927-28
02001285
Indic Digital Archive Foundation
gpura.org